2024 SEPTEMBER
21
SATURDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# അമ്മ പുഞ്ചിരി മാഞ്ഞു



**കൊച്ചി:** മലയാള സിനിമയിൽ അമ്മ വേഷങ്ങളിലൂടെ പ്രേക്ഷക ഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയ കവിയൂർ പൊന്നമ്മ (79) അന്തരിച്ചു. അർബുദ ബാധയെ തുടർന്ന് ദീർഘ നാളായി ചികിൽസയിലായിരുന്ന കവിയൂർ പൊന്നമ്മ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിൽസയിലിരിക്കെ ഇന്നലെ വൈകുന്നേരം അഞ്ചരയോടെയായിരുന്നു അന്തരിച്ചത്.

കഴിഞ്ഞ മേയ് മാസത്തിലാണ് ആണ് കാൻസർ സ്ഥിരീകരിച്ചത്. ആദ്യ പരിശോധനയിൽ തന്നെ സ്റ്റേജ് നാലിലാണ് എന്ന് കണ്ടെത്തിയിരുന്നു. ഈ മാസം മൂന്നിനാണ് തുടർ പരിശോധനകൾക്കും ചികിത്സയ്ക്കുമായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. രോഗം മൂർച്ഛിച്ചതോടെ ഇന്നലെ വൈകുന്നേരം അന്തരിച്ചു. മൃതദേഹം ഇന്ന് രാവിലെ 9 മണി മുതൽ 12 മണി വരെ കളമശ്ശേരി മുനിസിപ്പൽ ടൗൺ ഹാളിൽ പൊതുദർശനത്തിന് വെയ്ക്കും. വൈകുന്നേരം നാലിന് ആലുവ കരുമാലൂർ ശ്രീപദം വീട്ടുവളപ്പിൽ സംസ്ക്കരിക്കും.ആറു പതിറ്റാണ്ടായി മലയാള സിനിമയിലെ നിറസാന്നിധ്യമായിരുന്ന കവിയൂർ പൊന്നമ്മ ആയിരത്തലധികം ചിത്രങ്ങളിൽ വിവിധ കഥാപാത്രങ്ങളായി വേഷമിട്ടു.

നാടകത്തിലൂടെയാണ് കവിയൂർ പൊന്നമ്മ സിനിമയിൽ എത്തുന്നത്. സത്യൻ, മധു, പ്രേം നസീർ,സോമൻ, സുകുമാരൻ, മമ്മൂട്ടി, മോഹൻലാൽ, ദിലീപ് അടക്കമുള്ള നടന്മാരുടെ അമ്മ വേഷങ്ങളിലൂടെയാണ് പ്രേക്ഷകരുടെ മനം കവർന്നത്. മോഹൻലാലിന്റെ അമ്മയായുള്ള വേഷങ്ങൾ എറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. മികച്ച സഹനടിക്കുള്ള സംസ്ഥാന അവാർഡ് നാലു തവണ കവിയൂർ പൊന്നമ്മയെ തേടിയെത്തിയിരുന്നു.1971, 1972, 1973, 1994 എന്നീ വർഷങ്ങളിലാണ് അവാർഡ് നേടിയത്. പത്തനംതിട്ട ജില്ലയിലെ കവിയൂർ ആണ് പൊന്നമ്മ ജനിച്ചത്. ടി.പി ദാമോദരന്റെയും ഗൗരിയുടെയും മൂത്തമകളായിരുന്നു.

പതിനാലാമത്തെ വയസ്സിൽ അന്നത്തെ പ്രമുഖ നാടകക്കമ്പനിയായ പ്രതിഭ ആർട്ട്സിന്റെ നാടകങ്ങളിൽ ഗായികയായാണ് കലാരംഗത്തു വരുന്നത്. കെ പി എ സിയുടെ മൂലധനം എന്ന നാടകത്തിലൂടെ നാടകരംഗത്തെത്തി.1962 ൽ ജി. കെ രാമു സംവിധാനം ചെയ്ത് ശ്രീരാമ പട്ടാഭിഷേകം എന്ന സിനിമയിൽ ആണ് കവിയൂർ പൊന്നമ്മ ആദ്യമായി കാമറക്കു മുമ്പിൽ എത്തുന്നത്. രാവണനായി കൊട്ടാരക്കര ശ്രീധരൻ നായരെത്തിയപ്പോൾ സുന്ദരിയായ മണ്ഡോദരിയായത് കവിയൂർ പൊന്നമ്മയായിരുന്നു.1964ൽ കുടുംബിനി എന്ന ചിത്രത്തിലാണ് കവിയൂർ പൊന്നമ്മ ആദ്യമായി അമ്മ വേഷം ചെയ്തത്.1973 ൽ പെരിയാർ എന്ന ചിത്രത്തിൽ മകനായി അഭിനയിച്ച തിലകൻ പിൽക്കാലത്ത് കവിയൂർ പൊന്നമ്മയുടെ ഭർത്താവ് വേഷം ചെയ്ത് നല്ല താര ജോടി ആയി ഖ്യാതി നേടി.

1965 ൽ ഓടയിൽനിന്നിൽ സത്യന്റെ നായികാകഥാപാത്രമായി 'അമ്പലക്കുളങ്ങരെ' എന്ന മലയാളത്തിലെ സൂപ്പർ ഹിറ്റ് ഗാനമുൾപ്പടെയുള്ള രംഗങ്ങളിൽ കവിയൂർ പൊന്നമ്മയെ കാണാം. ആ വർഷം തന്നെ സത്യന്റെ അമ്മവേഷവും ചെയ്തു എന്നത് ആ അഭിനേത്രിയുടെ കഴിവിന്റെ സാക്ഷ്യപത്രം തന്നെയാണ്. നെല്ല് (1974)എന്ന ചിത്രത്തിലെ സാവിത്രി എന്ന കഥാപാത്രമാണ് അമ്മവേഷങ്ങളിൽ നിന്ന് വേറിട്ട് കാണാവുന്ന പൊന്നമ്മയുടെ മറ്റൊരു കഥാപാത്രം.

സിനികൾ കൂടാതെ നിരവധി ടെലിവിഷൻ സീരിയലുകളിലും കവിയൂർ പൊന്നമ്മ അഭിനയിച്ചിട്ടുണ്ട്.2021 ൽ റിലീസ് ചെയ്ത ആണും പെണ്ണും എന്ന സിനിമയിലാണ് അവസാനം അഭിനയിച്ചത്.

## സെൻസെക്സിൽ 1,300 പോയന്റ് മുന്നേറ്റം

# നിക്ഷേപകർക്ക് നേട്ടം ആറ് ലക്ഷം കോടി

**മുംബൈ:** യുഎസ് കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവ് നിരക്ക് കുറച്ചത് വൻ നേട്ടമാക്കി ഓഹരി വിപണി. സെൻസെക്സ് 1,300 പോയന്റ് ഉയർന്ന് 84,400 എന്ന റെക്കോഡ് ഉയരത്തിലെത്തി. നിഫ്റ്റിയാകട്ടെ 25,800 പിന്നിടുകയും ചെയ്തു. ഇതോടെ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത ഓഹരികളുടെ മൊത്തം വിപണി മൂല്യം 5.6 ലക്ഷം കോടി വർധിച്ച് 471 ലക്ഷം കോടിയിലെത്തി.



ആഗോള വിപണികളിലും നേട്ടം പ്രകടമാണ്. ഡൗ ജോൺസ് ഇതാദ്യമായി 42,000 പിന്നിട്ടു. എസ്ആൻപി സൂചികയും റെക്കോഡ് ഉയരംകുറിച്ചു. ജപ്പാന്റെ നിക്കി രണ്ട് ശതമാനത്തിലധികം നേട്ടത്തിലാണ്. ഫെഡ് റിസർവ് ഈ വർഷം വീണ്ടും നിരക്ക് കുറച്ചേക്കുമെന്ന വിലയിരുത്തലാണ് സൂചികകളിൽ പ്രതിഫലിച്ചത്. ഫെഡിന്റെ തീരുമാനം റിസർവ് ബാങ്കിനെയും സ്വാധീനിച്ചേക്കാമെന്ന നിരീക്ഷണം രാജ്യത്തെ സൂചികകൾ ഏറ്റെടുത്തു. ഡിസംബറിലെ പണനയ യോഗത്തിൽ നിരക്ക് കുറച്ചേക്കുമെന്ന് വിദഗ്ധർ നിരീക്ഷിക്കുന്നു.

തുടർച്ചയായി ഏഴാമത്തെ വ്യാപാര ദിനത്തിലും ബാങ്കിങ് ഓഹരികൾ നേട്ടമുണ്ടാക്കിയെന്നത് ശ്രദ്ധേയമാണ്. ഐസിഐസിഐ ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക്, കൊട്ടക് മഹീന്ദ്ര ബാങ്ക് എന്നിവയിലെ നേട്ടം നിഫ്റ്റി ബാങ്ക് സൂചികയെ റെക്കോഡ് ഉയരത്തിലെത്തിച്ചു. ജൂലായിൽ 1.5ശതമാനവും ഓഗസ്റ്റിൽ 0.4ശതമാനവും താഴ്ന്ന സൂചിക സെപ്റ്റംബറിൽ ഇതുവരെ നാല് ശതമാനത്തിലധികം ഉയർന്നു. കഴിഞ്ഞ രണ്ട് വ്യാപാര ദിനങ്ങളിൽ തിരിച്ചടി നേരിട്ട മിഡ്, സ്മോൾ ക്യാപ് ഓഹരികളിൽ വെള്ളിയാഴ്ച തിരിച്ചുവരവ് പ്രകടമായി.ഫെഡിന്റെ നിരക്ക് കുറയ്ക്കൽ രാജ്യത്തെ സൂചികകൾക്ക് നേട്ടമാകുമെന്നാണ് വിലയിരുത്തൽ. വിദേശ നിക്ഷേപം രാജ്യത്തേക്ക് ആകർഷിക്കുമെന്നതാണ് പ്രധാന നേട്ടം. യുഎസിലെ പലിശ നിരക്ക് കുറയുന്നതും ഡോളർ ദുർബലമാകുന്നതുമാണ് ഇന്ത്യൻ വിപണിക്ക് അനുകൂലമാകുക.

## ലെബനനിൽ വീണ്ടും ഇസ്രയേൽ വ്യോമാക്രമണം; ഹിസ്ബുല്ലയുടെ ഉന്നതനടക്കം 8 പേർ കൊല്ലപ്പെട്ടു

**ബെയ്റൂട്ട്:** ലെബനൻ തലസ്ഥാനമായ ബെയ്റൂട്ടിന്റെ തെക്കൻ പ്രദേശങ്ങളിൽ വീണ്ടും ഇസ്രയേൽ വ്യോമാക്രമണം. ആക്രമണത്തിൽ എട്ടു പേർ കൊല്ലപ്പെടുകയും 59 പേർക്ക് പരുക്കേൽക്കുകയും ചെയ്തതായി ലെബനൻ ആരോഗ്യ മന്ത്രാലയം അറിയിച്ചു.

ഇറാൻ പിന്തുണയുള്ള ഹിസ്ബുല്ല ഗ്രൂപ്പിന്റെ ഒരു ഉന്നത കമാൻഡറും കൊല്ലപ്പെട്ടവരിലുണ്ടെന്ന് വാർത്താ ഏജൻസി റിപ്പോർട്ട് ചെയ്തു. സായുധ സേനയുടെ രണ്ടാമത്തെ കമാൻഡറായ റദ്വാൻ ഫോഴ്സ് കമാൻഡർ ഇബ്രാഹിം അഖീലാണ് കൊല്ലപ്പെട്ടത്. നേരത്തേ, ജൂലൈയിൽ തെക്കൻ ബെയ്റൂട്ടിൽ നടന്ന ആക്രമണത്തിൽ ഹിസ്ബുല്ലയുടെ ഉന്നത കമാൻഡർ ഫുവാദ് ശുക്ർ കൊല്ലപ്പെട്ടിരുന്നു.

എഫ്35 ജെറ്റ് വിമാനങ്ങളാണ് ജനവാസ മേഖലയിൽ ഇടിച്ചതെന്ന് ഏജൻസി അറിയിച്ചു. ദഹിയയിലെ പ്രധാന ഹിസ്ബുല്ല കേന്ദ്രങ്ങളെ ലക്ഷ്യമിട്ടുള്ള ആക്രമണമാണ് നടത്തിയതെന്ന് ഇസ്രായേൽ പ്രതിരോധ സേന സ്ഥിരീകരിച്ചു.

2023 ഒക്ടോബർ 7ന് ഇസ്രയേൽഹമാസ് യുദ്ധം ആരംഭിച്ചതിന് ശേഷം ബെയ്റൂട്ടിന്റെ തെക്കൻ പ്രദേശങ്ങളിൽ നടത്തുന്ന മൂന്നാമത്തെ വ്യോമാക്രമണമാണിത്.



സൊസൈറ്റി ടുഡേ
SOCIETY TODAY





ജോർഫിൻ പെട്ട, കെ.എ സിയാവുദ്ദീൻ, കെ.എം ഹനീഫ

# എസ്.ഡബ്ല്യു.എ.കെ : ജോർഫിൻ പെട്ട പ്രസിഡന്റ്, കെ. എ സിയാവുദ്ദീൻ ജനറൽ സെക്രട്ടറി

**കൊച്ചി:** സൂപ്പർമാർക്കറ്റ് വെൽഫെയർ അസോസ്സിയേഷൻ ഓഫ് കേരള(എസ്.ഡബ്ല്യൂ.എ.കെ.) സംസ്ഥാന പ്രസിഡന്റായി ജോർഫിൻ പെട്ടയും ജനറൽ സെക്രട്ടറിയായി കെ.എ സിയാവുദ്ദീനും ട്രഷറർ ആയി കെ.എം ഹനീഫ (കോഴിക്കോട്) യെയും തിരഞ്ഞെടുത്തു. എറണാകുളം ക്രൗൺപ്ലാസയിൽ നടന്ന സംസ്ഥാന സമ്മേളനത്തിലായിരിന്നു പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നത്. സാജു മൂലൻസ്, വി. മുസ്തഫ കോഴിക്കോട് (വൈസ് പ്രസിഡന്റുമാർ), ഡെന്നീസ് ജോസഫ് കോട്ടയം, ഷബീബ് റഹ്മാൻ മലപ്പുറം (ജോയിന്റ് സെക്രട്ടറിമാർ), ഷയീസ് റോയൽ ഒറ്റപ്പാലം (പർച്ചേസ് കമ്മിറ്റി കൺവീനർ) എന്നിവർ സഹഭാരവാഹികളായി 24 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും സമ്മേളനത്തിൽ തിരഞ്ഞെടുത്തു.അജ്മൽ, നാസർ എന്നിവർ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾക്ക് നേതൃത്വം നൽകി. സംസ്ഥാന പ്രസിഡന്റ് ജോർഫിൻ പെട്ട സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. തിരുവനന്തപുരം മുതൽ കാസർകോഡുവരെയുള്ള നാലായിരത്തിലധികം വരുന്ന സൂപ്പർ മാർക്കറ്റ് ഉടമകൾ അസോസിയേഷനിൽ അംഗങ്ങളാണ്

# റാംബോ സർക്കസിന് ഞായറാഴ്ച സമാപനം

**കൊച്ചി:** കലൂർ ഗോകുലം കൺവെൻഷൻ സെന്ററിൽ ഓണക്കാലത്തെ ആഹ്ലാദവും അത്ഭുതവുമായെത്തിയ റാംബോ സർക്കസ് ഞായറാഴ്ച സമാപിക്കും. രണ്ടാം തവണയും കൊച്ചിയിലെത്തി കാണികളെ കയ്യിലെടുത്ത സർക്കസ് കാഴ്ചക്കാർക്കു മുമ്പിൽ മികച്ച പ്രകടനങ്ങളാണ് അവതരിപ്പിച്ചത്.എൽഡി ആക്ട്, ലേസർ മാൻ, റിംഗ് ഹെഡ് ബാലൻസ്, സ്കൈ വാക്ക്, ഏരിയൽ റോപ്പ്, ബബിൾ ഷോ, സ്കേറ്റിംഗും ഹ്യൂമൻ സ്ലിങ്കി, വാൾ ആക്ട്, ബൗൺസ് ബോൾ, സൈക്ലിംഗ് ഡ്യുവോ, റോള ബോൾ, കിക്ക് ചേഞ്ച് തുടങ്ങി വ്യത്യസ്ത ഇനങ്ങളാണ് റാംബോ വേദിയിലെത്തിച്ചത്. ശനി, ഞായർ ദിവസങ്ങളിൽ 11, 1.30, 4.30, 7.30 എന്നീ സമയങ്ങളിൽ നാല് ഷോകളാണ് അരങ്ങേറുക. സർക്കസ് അഭ്യാസികളെ പോലെ കോമാളികളും കാഴ്ചക്കാരെ ഏറെ രസിപ്പിക്കുമ്പോൾ ഒന്നര മണിക്കൂർ സമയം പോകുന്നതറിയില്ല. ടിക്കറ്റുകൾ ബുക്ക് മൈ ഷോ ആപ്പിലും കൺവെൻഷൻ സെന്ററിലെ കൗണ്ടറിലും ലഭിക്കും.

# നേപ്പാൾ പ്രതിനിധി സംഘം കൊച്ചിയിൽ

**കൊച്ചി:** ശ്രീബുദ്ധന്റെ ജന്മസ്ഥലമായ ലുമ്പിനി പ്രവിശ്യയിൽ സ്ഥിതിചെയ്യുന്ന ബൻഗംഗ നഗരത്തിൻറെ മേയർ ചക്രപാണി ആര്യാലിൻറെ നേതൃത്വത്തിലുള്ള മുപ്പത് അംഗ പ്രതിനിധി സംഘം കൊച്ചി നഗരസഭ സന്ദർശിച്ചു. വിനോദസഞ്ചാരം, വാണിജ്യം, സാംസ്കാരിക വിനിമയം, ആരോഗ്യം എന്നീ മേഖലകളിൽ കൊച്ചി നഗരവുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് നേപ്പാൾ പ്രതിനിധി സംഘം താത്പര്യം അറിയിച്ചു. കൊച്ചി നഗരസഭ, നഗരവികസന രംഗത്ത് നടത്തിവരുന്ന പദ്ധതികളെക്കുറിച്ചും പരിപാടികളെക്കുറിച്ചും, സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചും മേയർ പ്രതിനിധി സംഘത്തോട് വിശദീകരിച്ചു.

കൊച്ചി നഗരത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് കൊച്ചി നഗരസഭാ സെക്രട്ടറി ചെൽസാസിനി, സൂപ്രണ്ടിംഗ് എൻജിനീയർ ബിജോയ് കെ.എൻ, ഹെൽത്ത് ഓഫീസർ ഡോക്ടർ ശശികുമാർ എന്നിവർ പ്രതിനിസംഘത്തിന് മുന്നിൽ വിശദമായി സംസാരിച്ചു. കൊച്ചി നഗരവും ബൻഗംഗാ നഗരവുമായുള്ള ബന്ധത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിന് പ്രതിജ്ഞാബദ്ധരാണെന്നും ആയതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും ബൻഗംഗാ പ്രതിനിധി സംഘം കൊച്ചി മേയറെ അറിയിച്ചു. ചർച്ചയിൽ ഡെപ്യൂട്ടി മേയർ കെ.എ.അൻസിയ, ചെയർമാന്മാർ, നഗരസഭ സെക്രട്ടറി, മറ്റു ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.




# അപൂർവരോഗം: വിപിഎസ് ലേക്ഷോറിലെ മൾട്ടിപ്പിൾ ഓർഗൻ ട്രാൻസ്പ്ലാന്റിലൂടെ 47കാരന് പുതുജീവൻ

**കൊച്ചി:** അപൂർവ രോഗത്തെ തുടർന്ന് കഴിഞ്ഞ 22 വർഷമായി 15 ശസ്ത്രക്രിയകൾക്ക് വിധേയനായ കണ്ണൂർ സ്വദേശിക്ക് വിപിഎസ് ലേക്ഷോറിലെ ചികിത്സയിൽ രോഗമുക്തി. മോഹൻ കാമ്പ്രത്ത് എന്ന 47കാരന് വിപിഎസ് ലേക്ഷോർ ഹോസ്പിറ്റലിൽ നടത്തിയ കരളും വൃക്കയും മാറ്റിവയ്ക്കൽ ശസ്ത്രക്രിയയിലൂടെയാണ് വർഷങ്ങൾ നീണ്ട ആരോഗ്യപ്രശ്നങ്ങൾക്ക് വിരാമമായത്.പ്രൈമറി ഹൈപ്പറോക്സലൂറിയ എന്ന അപൂർവ ജനിതക വൈകല്യമാണ് അദ്ദേഹത്തിന് ഉണ്ടായിരുന്നത്. 10 ദശലക്ഷത്തിൽ ഒരാൾക്ക് മാത്രമാണ് ഈ അവസ്ഥ ബാധിക്കുന്നത്. ശരീരത്തിൽ ഒക്സലേറ്റ് അടിഞ്ഞു കൂടുന്നത് തടയുന്ന, കരളിലെ ഒരു എൻസൈം ഈ രോഗമുള്ളവരിൽ ഉണ്ടാവില്ല. അത് കാരണം ശരീരത്തിൽ ഉണ്ടാകുന്ന അമിതമായ ഓക്സലേറ്റ് വൃക്കയിലെ കല്ലുകൾ രൂപപ്പെടുന്നതിനും ഹൃദയം, കണ്ണുകൾ തുടങ്ങിയ മറ്റ് സുപ്രധാന അവയവങ്ങൾക്ക് കേടുപാടുകൾ വരുത്തുന്നതിനും ഇടയാക്കും.23ാം വയസ്സിൽ ദുബായിൽ വച്ചായിരുന്നു വൃക്കയിലെ കല്ല് നീക്കാനുള്ള ആദ്യ ശസ്ത്രക്രിയ. വർഷങ്ങളായി ദുബായിയിൽ ഏഴ് ശസ്ത്രക്രിയകളും കോഴിക്കോട്ടെ ആശുപത്രിയിൽ ആറ് ശസ്ത്രക്രിയകളും നടത്തിയെങ്കിലും രോഗത്തിന് മാറ്റമുണ്ടായില്ല. കുറച്ചു മാസങ്ങൾക്ക് മുൻപ് കടുത്ത ശരീരവേദനയെ തുടർന്നാണ് മോഹനെ വിപിഎസ് ലേക്ഷോറിൽ പ്രവേശിപ്പിച്ചത്.

സമഗ്രമായ ടെസ്റ്റുകൾക്ക് ശേഷം, കല്ലുകൾ അദ്ദേഹത്തിന്റെ സുപ്രധാന അവയവങ്ങളെ ബാധിക്കാൻ തുടങ്ങിയതിനാൽ, കരളും വൃക്കയും ഒരുമിച്ചു മാറ്റിവയ്ക്കൽ മാത്രമാണ് അദ്ദേഹത്തെ രക്ഷിക്കാനുള്ള ഏക മാർഗമെന്ന് ഡോക്ടർമാർ കണ്ടെത്തി. യൂറോളജി, നെഫ്രോളജി, ലിവർ ട്രാൻസ്പ്ലാന്റ് എന്നീ ഡിപ്പാർട്മെന്റുകളിൽ നിന്നുള്ള വിദഗ്ധരുടെ ഒരു വിദഗ്ധ ടീമാണ് ഒരേ സമയം രണ്ട് ദാതാക്കളും ഒരു സ്വീകർത്താവും ഉൾപ്പെട്ട സങ്കീർണ്ണമായ ശസ്ത്രക്രിയ മൂന്ന് ഓപ്പറേഷൻ തിയറ്ററുകളിലായി നടത്തിയത്.ഇതൊരു പുതിയ ജീവിതം പോലെ തോന്നുന്നു. ശസ്ത്രക്രിയകൾക്കായി ഞാൻ ഒരുപാട് സമയം ആശുപത്രികളിൽ ചെലവഴിച്ചുവെന്ന് മോഹൻ പറഞ്ഞു. ഇപ്പോൾ, ആരോഗ്യം വീണ്ടെടുത്തതോടെ, ഡോക്ടർമാരുടെ അനുമതിയോടെ ദുബായിൽ ജോലിക്ക് മടങ്ങാൻ ഒരുങ്ങുകയാണ് മോഹൻ. ലിവർ ട്രാൻസ്പ്ലാന്റ് സീനിയർ കൺസൽട്ടന്റ് ഡോ. ഫദൽ എച്ച് വീരാൻകുട്ടി, യൂറോളജി മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ജോർജ്ജ് പി. എബ്രഹാം, നെഫ്റോളജി മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. എബി എബ്രഹാം, യൂറോളജി സീനിയർ കൺസൾട്ടന്റ് ഡോ. ഡാറ്റ്സൺ ജോർജ്ജ് പി., നെഫ്റോളജി കൺസൽട്ടന്റ് ഡോ. ജിതിൻ എസ്. കുമാർ, അനസ്തീഷ്യോളജി മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. മോഹൻ മാത്യു എന്നിവർ ആണ് ശസ്ത്രക്രിയ ടീമിൽ ഉണ്ടായിരുന്നത്.

# വേൾഡ് സ്കിൽ 2024: ഇൻഡസ്ട്രി 4.0ൽ ഇന്ത്യക്ക് വെങ്കലം

**കൊച്ചി:** ഫ്രാൻസിലെ ലിയോണിൽ നടന്ന വേൾഡ് സ്കിൽസ് 2024ൽ ഇന്ത്യക്കായി വെങ്കലം നേടി മലയാളി ഉൾപ്പെടുന്ന ടീം. ഇൻഡസ്ട്രി 4.0 വിഭാഗത്തിലാണ് തൃശൂർ സ്വദേശി സത്യജിത്ത് ബാലകൃഷ്ണൻ, ധ്രുമിൽകുമാർ ധീരേന്ദ്രകുമാർ ഗാന്ധി എന്നിവരടങ്ങിയ ടീം ഇന്ത്യക്കായി വെങ്കലം നേടിയത്.ഓട്ടോമേഷനിലും സ്മാർട്ട് മാനുഫാക്ച്ചറിങ്ങിലുമാണ് ഇരുവരുമടങ്ങിയ ടീം വൈദഗ്ധ്യം കാട്ടിയത്. സ്കൂൾ കാലം മുതൽ ഓട്ടോമേഷനിലും സ്മാർട്ട് മാനുഫാക്ച്ചറിങ്ങിലും ആകൃഷ്ടനായിരുന്ന ധ്രുമിൽകുമാർ ധീരേന്ദ്രകുമാർ ഗാന്ധി, മെക്കാനിക്കൽ എഞ്ചിനീയറിങ്ങിൽ ബി.ടെക് ബിരുദധാരിയാണ്. മെക്കാനിക്കൽ ഡിസൈൻ എഞ്ചിനീയറായി ജോലി ചെയ്ത ശേഷം 2023 സെപ്റ്റംബറിൽ ഇൻഡസ്ട്രി 4.0 പഠനത്തിനായി നാംടെക്കിൽ ചേർന്നു. തൃശൂരിലെ ഭാരതീയ വിദ്യാഭവൻ വിദ്യാർഥിയാണ് സത്യജിത്ത് ബാലകൃഷ്ണൻ. നാംടെക്കിലെ സീനിയർ ലക്ചർ ദിഷാങ്ക് ഉപാധ്യായയുടെ മാർഗനിർദേശത്തിന് കീഴിലാണ് ഇരുവരും മത്സരിച്ചത്.മിനിസ്ട്രി ഓഫ് സ്കിൽ ഡവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് (എംഎസ് എംഇ), നാഷണൽ സ്കിൽ ഡവലപ്മെന്റ് കോർപറേഷൻ (എൻഎസ്ഡിസി) വ്യവസായ പങ്കാളികൾ എന്നിവർ ചേർന്നാണ് ധ്രുമിൽകുമാർ സത്യജിത്ത് ടീമിനും ഇന്ത്യയുടെ മറ്റു മത്സരാർഥികൾക്കും വിപുലമായ പിന്തുണയും പരിശീലനവും നൽകിയത്.വേൾഡ് സ്കിൽസ് 2024ൽ ടീം ഇന്ത്യയുടെ അസാധാരണ നേട്ടങ്ങളെ അഭിനന്ദിക്കുന്നതായി കേന്ദ്ര നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന്റെയും (എംഎസ്ഡിഇ), വിദ്യാഭ്യാസ മന്ത്രാലയത്തിന്റെയും സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രി ജയന്ത് ചൗധരി പറഞ്ഞു. ഇത് നമ്മുടെ രാജ്യത്തിന് അഭിമാന നിമിഷമാണെന്നും കൂട്ടിച്ചേർത്തു.



# എം പോക്സ്: വൈറസ് വകഭേദം കണ്ടെത്താൻ ജീനോം സീക്വൻസിങ് നടത്തും: മന്ത്രി വീണാ ജോർജ്

**മലപ്പുറം:** മലപ്പുറം ജില്ലയിൽ എം പോക്സ് രോഗം സ്ഥിരീകരിച്ച വ്യക്തിക്ക് പിടിപെട്ട വൈറസിന്റെ വകഭേദം കണ്ടെത്താൻ ജീനോം സീക്വൻസിങ് നടത്തുന്നുമെന്ന് സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പു മന്ത്രി വീണാ ജോർജ്. നിപ, എം പോക്സ് രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലെ പ്രോട്ടോകോൾ അനുസരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തിയതായും മന്ത്രി പറഞ്ഞു.

എം പോക്സ് വൈറസിന്റെ 2 ബി വകഭേദത്തിന് വ്യാപന ശേഷി കുറവാണ്. എന്നാൽ ആഫ്രിക്കയിൽ കണ്ടെത്തിയ 1 ബി വൈറസ് വകഭേദത്തിന് വ്യാപന ശേഷി കൂടുതലാണ്. വൈറസിന്റെ വകഭേദം കണ്ടെത്തിയാൽ വ്യാപന ശേഷി മനസ്സിലാക്കി ആവശ്യമെങ്കിൽ കൂടുതൽ നടപടികൾ സ്വീകരിക്കാനാവുമെന്നും മന്ത്രി പറഞ്ഞു.

എം പോക്സ് ബാധിച്ച രോഗിയുടെ നില തൃപ്തികരമാണ്. എം പോക്സ് രോഗിയുടെ സമ്പർക്ക പട്ടികയിൽ 23 പേർ ആണുള്ളത്. രോഗി സഞ്ചരിച്ച വിമാനത്തിൽ ഒപ്പമുണ്ടായിരുന്ന വരെ തിരിച്ചറിഞ്ഞിട്ടുണ്ട്. 43 പേരാണ് ആ പട്ടികയിൽ ഉള്ളത്. എം പോക്സ് രോഗിയുമായി ബന്ധപ്പെട്ട എല്ലാവരെയും കണ്ടെത്താൻ സാധിച്ചിട്ടുണ്ട്. നിപയുടെയും എം പോക്സിൻറെയും കാര്യത്തിൽ ആശങ്ക വേണ്ട. മാസ്ക്ക് ധരിക്കുന്ന കാര്യത്തിൽ കൂടുതൽ ജാഗ്രത കാണിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.



# കടൽതീര ശുചീകരണ ദിനാചരണം:കൊച്ചി തീരക്കടലിൽ ശുചീകരണവുമായി സിഎംഎഫ്ആർഐ

**കൊച്ചി:** അന്താരാഷ്ട്ര തീരദേശ ശുചീകരണ ദിനാചരണത്തിന്റെ ഭാഗമായി കൊച്ചി തീരക്കടലിൽ ശുചീകരണയജ്ഞവുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ബോധവൽകരണം ലക്ഷ്യമിട്ട്, സിഎംഎഫ്ആർഐയുടെ ഗവേഷണ യാനത്തിൽ ട്രോൾ വലകളും കൈവലകളും ഉപയോഗിച്ചായിരുന്നു ശുചീകരണം. കടലിൽ അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ ഉൾപ്പെടെ മാലിന്യങ്ങൾ വലകളുപയോഗിച്ച് നീക്കി. കുഴിപ്പിള്ളി ബീച്ചിലും ശുചീകരണം നടത്തി.സമുദ്രജൈവവൈവിധ്യ പരിസ്ഥിതി മാനേജ്മെന്റ് ഡിവിഷന് കീഴിലെ ശാസ്ത്രജ്ഞരും ഉദ്യോഗസ്ഥരും ഗവേഷക വിദ്യാർത്ഥികളുമാണ് ശുചീകരണ യജ്ഞത്തിൽ പങ്കാളികളായത്.

സെപ്തംബറിൽ മൂന്നാമത്തെ ശനിയാഴ്ചയാണ് അന്താരാഷ്ട്ര കടൽതീര ശുചീകരണ ദിനമായി ആചരിക്കുന്നത്.

# 2025 ൽ മുഴുവൻ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സൗകര്യം എർപ്പെടുത്തും: മന്ത്രി

**കൊച്ചി:** 2025 മാർച്ച് മാസത്തോടെ സംസ്ഥാനത്തെ മുഴുവൻ താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സൗകര്യം എർപ്പെടുത്തുമെന്ന് മന്ത്രി വീണാ ജോർജ്. പറവൂർ നിയോജക മണ്ഡലത്തിലെ 74 ലക്ഷം രൂപയുടെ രണ്ട് പദ്ധതികൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാരിന്റെ 100ദിന കർമ്മ പരിപാടിയുടെ ഭാഗമായി വരാപ്പുഴ സാമൂഹികാരോഗ്യ കേന്ദ്രത്തെ 37 ലക്ഷം രൂപ ചെലവിൽ നവീകരിച്ച് ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം മന്ത്രി നിർവഹിച്ചു. എഴിക്കര സാമൂഹികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കിയതിന്റെ ഉദ്ഘാടനം ഓൺലൈനായും മന്ത്രി നിർവഹിച്ചു. 25 താലൂക്ക് ആശുപത്രികളിലാണ് ഡയാലിസിസ് ചികിത്സ ആരംഭിക്കാനുള്ളത്.

സർക്കാർ ആശുപതികളിൽ ചികിത്സയ്ക്കെത്തുന്നവരുടെ എണ്ണം വർധിക്കുന്നു. താലൂക്ക് തല ആശുപത്രി മുതലാണ് സ്പെഷ്യാലിറ്റി സേവനങ്ങൾ ആരംഭിക്കുന്നത്. മാമോഗ്രാം ഉൾപ്പടെയുള്ള സേവനങ്ങൾ ചില താലൂക്ക് ആശുപത്രികളിലുണ്ട്. 28 ജില്ലാ ആശുപത്രികളിൽ കാൻസർ ചികിത്സ ആരംഭിച്ചിട്ടുണ്ട്. കളമശേരി മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യലിസ്റ്റുകളുടേത് ഉൾപ്പടെ 46 പുതിയ തസ്തികകൾ അനുവദിച്ചു. എറണാകുളം ജനറൽ ആശുപത്രിയിൽ കാർഡിയാക് തൊറാസിക് സർജന്റെ തസ്തിക അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു.അടിസ്ഥാന സൗകര്യ വികസനത്തിലൂടെ പൊതുജനാരോഗ്യം ശക്തിപ്പെടുത്തുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ അധ്യക്ഷത വഹിച്ചു.

ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് രമ്യ തോമസ്, വരാപ്പുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കൊച്ചു റാണി, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# അറിയിപ്പുകൾ

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൈപ്പിൻ ഐസിഡിഎസ് പ്രോജക്റ്റിലേക്ക് വാഹനം വാടകയ്ക്ക് ലഭ്യമാക്കുന്നതിന് തയാറുള്ള വ്യക്തികളിൽ നിന്നും മത്സര സ്വഭാവമുള്ള മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി സെപ്തംബർ 26ന് ഉച്ചയ്ക്ക് ഒന്നു വരെ. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ വൈപ്പിൻ ഐസിഡിഎസ് ഓഫീസുമായി ബന്ധപ്പെടുക ഫോൺ നം: 0484 2496656.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേരള സർക്കാർ സ്ഥാപനമായ കേരള സ്റ്റേറ്റ് റൂട്രോണിക്സ് സർട്ടിഫിക്കറ്റോട് കൂടി തിരുവനന്തപുരം, ആറ്റിങ്ങൽ അംഗീകൃത പഠനകേന്ദ്രങ്ങളിലേക്ക് ഒരുവർഷം ദൈർഘ്യമുള്ള പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ കോഴ്സിലേക്ക് ഇൻറേൺഷിപ്പോടുകൂടി റഗുലർ, പാർട്ട് ടൈം ബാച്ചുകളിലേക്ക് പ്ലസ് ടു കഴിഞ്ഞവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് ഫോൺ 7994928081.

## ചിത്രരചനാ മത്സരം

**കൊച്ചി:** സ്വച്ഛത ഹി സേവാ (17.09.2024 02.10.2024) ആയി ബന്ധപ്പെട്ടു നെഹ്റു യുവ കേന്ദ്ര എറണാകുളം 15 വയസ്സിൽ താഴെയുള്ള കുട്ടികൾക്കായി ഓൺലൈൻ ചിത്രരചനാ മത്സരം നടത്തുന്നു . ഏറ്റവും മികച്ച രചനകൾക്ക് സമ്മാനവും പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും സർട്ടിഫിക്കറ്റും നൽകുന്നു. എ ഫോർ സൈസിലുള്ള രചനകൾ മാത്രം സ്വീകരിക്കുന്നതാണ്. ക്രയോൺസ്, വാട്ടർ കളർ, ഓയിൽ പെയിന്റിംഗ് എന്നിവ ഉപയോഗിക്കാം. സമ്മാനത്തിനഹർമായ രചന ഓഫീസിൽ നേരിട്ട് ഹാജരാക്കണം. അവസാന തീയതി : ഒക്ടോബർ ഒന്ന്. വിഷയത്തിനും കൂടുതൽ വിവരങ്ങൾക്കും ബന്ധപ്പെടുക ഫോൺ : 8714508255.

## തീയതി നീട്ടി

**കൊച്ചി:** കണ്ണൂർ സർവ്വകലാശാല പബ്ലിക്ക് റിലേഷൻസ് ഓഫീസർ തസ്തികയിൽ ഡെപ്യൂട്ടേഷൻ/ കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി സെപ്തംബർ 30 വരെ നീട്ടി.

## സൗജന്യ തൊഴിൽ പരിശീലനം

**കൊച്ചി:** കേരള സർക്കാരിന്റെ നൈപുണ്യ പരിശീലന സ്ഥാപനമായ അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് കളമശ്ശേരിയിൽ പ്രധാനമന്ത്രി കൗശൽ വികാസ് യോജന സ്കിൽ പദ്ധതിയിൽ കേന്ദ്ര ഗവൺമെൻറ് സർട്ടിഫിക്കറ്റോടു കൂടിയ സൗജന്യ തൊഴിൽ പരിശീലനത്തിനായി ഗ്രാഫിക് ഡിസൈനർ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ് എസ് എൽ സി/പ്ലസ് ടു. പ്രായപരിധി: 18 മുത.ൽ 45 വരെ. രജിസ്ട്രേഷൻ: https://shorturl.at/wYGak. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 8848276418, 7356330466.

## ക്വട്ടേഷൻ ക്ഷണിച്ചു

**കൊച്ചി:** കേരള ഹൈക്കോടതിയുടെ ആവശ്യത്തിലേക്കായി എംപ്ലോയേഴ്സ് യോടുകൂടിയ പ്രീമിയം ടർക്കി ടവലുകൾ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ സെപ്തംബർ 24 ന് ഉച്ചയ്ക്ക് രണ്ടു വരെ.

# ശുചീകരണ തൊഴിലാളികൾക്കായി അപകട ഇൻഷ്വറൻസ് പദ്ധതി

**തിരുവനന്തപുരം:** ശുചീകരണ തൊഴിലാളികൾക്കായി ദേശീയ സഫായി കരംചാരീസ് കമ്മീഷനും ഇന്ത്യ പോസ്റ്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി അന്ത്യോദയ ശ്രമിക് സുരക്ഷ യോജന എന്ന പേരിൽ പത്ത് ലക്ഷം രൂപയുടെ അപകട ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചതായി ദേശീയ സഫായി കരംചാരീസ് കമ്മീഷൻ അംഗം ഡോ.പി.പി വാവ അറിയിച്ചു. ഇതുമായി ബന്ധപ്പെട്ട് തൈക്കാട് സർക്കാർ ഗസ്റ്റ് ഹൗസിൽ ചേർന്ന കൗൺസിലർമാരുടെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗത്തിന് ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

499 രൂപയാണ് അന്ത്യോദയ ശ്രമിക് സുരക്ഷ യോജന ഇൻഷ്വറൻസ് പദ്ധതിയുടെ വാർഷിക പ്രീമിയം തുക. ദേശീയ സഫായി കരംചാരീസ് ഫിനാൻഷ്യൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി കാർഷികവ്യവസായസേവന മേഖലകളിൽ ശുചീകരണ തൊഴിലാളികൾക്കായി സ്വയംതൊഴിൽ പരിശീലന പദ്ധതികൾ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പാക്കുന്നുണ്ടെന്നും ഡോ.പി.പി വാവ പറഞ്ഞു.

ഇൻഷ്വറൻസ് പദ്ധതി സ്റ്റേറ്റ് നോഡൽ ഓഫീസർ അഡ്വ.ഗോപി കൊച്ചുരാമൻ, ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്ക് ചീഫ് മാനേജർ എം.മുരുകേശൻ എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# ശനിയും ഞായറും റേഷൻ കടകൾ പ്രവർത്തിക്കും

**തിരുവനന്തപുരം:** ഇകെ.വൈ.സി അപ്ഡേഷന്റെ ഭാഗമായി ശനിയാഴ്ചയും (സെപ്റ്റംബർ 21) ഞായറാഴ്ചയും (സെപ്റ്റംബർ 22) സിറ്റി റേഷനിങ് ഓഫീസ് , സൗത്തിന്റെ പരിധിയിലുള്ള റേഷൻകടകൾ തുറന്നു പ്രവർത്തിക്കും. ഈ പരിധിയിൽ വരുന്ന എ.എ.വൈ, പി.എച്ച്.എച്ച് കാർഡുകളിലുൾപ്പെട്ട എല്ലാ അംഗങ്ങളും റേഷൻ കടകളിലെത്തി അപ്ഡേഷൻ നടത്തണമെന്ന് റേഷനിങ് ഓഫീസർ അറിയിച്ചു.

## അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** 2024ലെ വിവിധ മേഖലകളിൽ സ്തുത്യർഹ സേവനം കാഴ്ച വച്ച വനിതകൾക്ക് വനിത ശിശുവികസന വകുപ്പ് നൽകുന്ന വനിതാരത്ന പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. സാമൂഹ്യസേവനം, കായികരംഗം, പ്രതികൂലസാഹചര്യങ്ങളെ അതിജീവിച്ച് ജീവിതവിജയം നേടിയ വനിത,സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ച വനിത, കലാരംഗം എന്നീ ആറ് മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വനിതകൾക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. അവാർഡിനായി പരിഗണിക്കുന്നതിന് മറ്റ് വ്യക്തികൾ/സ്ഥാപനങ്ങൾ /സംഘടനകൾ എന്നിവർ മുഖേന നാമനിർദേശങ്ങൾ പ്രവർത്തന മേഖല വിശദീകരിക്കുന്ന രേഖകൾ (പുസ്തകം, സിഡികൾ, ഫോട്ടോകൾ, പത്രക്കുറിപ്പ്) എന്നിവ ഉൾപ്പെടുത്തി ജില്ലാ വനിതാ ശിശുവികസന ഓഫീസർക്ക് നൽകേണ്ടതാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 10. ഫോൺ: 04972 700708.

# വിദേശപഠന വാഗ്ദാനം പാലിച്ചില്ല; ഏജൻസിക്ക് 1.24 ലക്ഷം രൂപ പിഴയടിച്ച് ഉപഭോക്തൃ കോടതി

**കൊച്ചി:** വിദേശപഠനവും ജോലിയും ലഭിക്കുമെന്ന പ്രതീക്ഷയിൽ പണം മുടക്കിയെങ്കിലും വിദ്യാഭ്യാസ കൺസൾട്ടൻസി വാഗ്ദാനം പാലിച്ചില്ലെന്ന പരാതിയിൽ കർശന നടപടിയുമായി എറണാകുളം ജില്ല ഉപഭോക്തൃ തർക്കപരിഹാര കോടതി. സ്കോളർഷിപ്പോടെ പഠനം വാഗ്ദാനം ചെയ്ത് ഫീസായി 59,000 രൂപ കൈപ്പറ്റിയ ശേഷം മറ്റൊരു കോഴ്സിൽ ചേരാൻ ആവശ്യപ്പെടുകയാണ് ഉണ്ടായത്. ഇത് ഏജൻസിയുടെ സേവനത്തിലെ അധാർമികമായ വ്യാപാര രീതിയും ന്യൂനതയുമാണെന്ന് നിരീക്ഷിച്ചാണ് ഡി.ബി.ബിനു പ്രസിഡന്റും വി.രാമചന്ദ്രൻ, ടി.എൻ.ശ്രീവിദ്യ എന്നിവർ അംഗങ്ങളുമായ ബെഞ്ച് ഏജൻസിക്ക് പിഴ ചുമത്തിയത്.

ആലപ്പുഴ പാതിരാപ്പിള്ളി സ്വദേശി അജീഷ് മോൻ സി.റ്റി, എറണാകുളത്തെ സ്ഥാപനത്തിനെതിരെ സമർപ്പിച്ച പരാതിയിലാണ് കോടതിയുടെ ഉത്തരവുണ്ടായത്. റോബോട്ടിക്സ് ആൻഡ് മെക്കാട്രോണിക്സ് എന്ന് എന്ന പിജി കോഴ്സിൽ ചേരാമെന്ന് വിശ്വസിപ്പിച്ചാണ് ഏജൻസി അജീഷിൽ നിന്ന് ആദ്യ ഗഡു ഫീസ് വാങ്ങിയത്. എന്നാൽ ഇതിൽ ചേരാനുള്ള യോഗ്യതയില്ലെന്ന് പിന്നീട് അറിയിച്ച് മറ്റൊരു കോഴ്സിന് സീറ്റ് ഓഫർ ചെയ്തു. ഇതിൽ സംശയം തോന്നിയ അജീഷ് മറ്റ് ഏൻസികൾ വഴി നടത്തിയ അന്വേഷണത്തിൽ എ.ബി.സി. സ്റ്റഡി ലിങ്കിന്റെ വാദം തെറ്റാണെന്ന് ബോധ്യപ്പെട്ടു.

ഫീസിന് പുറമെ, ഐഇഎൽടിഎസ് സ്കോർ ഉയർത്തുന്നതിന് എന്ന പേരിൽ 20,000 രൂപ കൂടി വാങ്ങിയിരുന്നു. ഇതിനും ശേഷമാണ് കോഴ്സ് മാറ്റം ആവശ്യപ്പെട്ടത്. വിദേശപഠനവും തുടർന്ന് ജോലിയും പ്രതീക്ഷിച്ച് പണം മുടക്കിയ വിദ്യാർത്ഥിയുടെ ശ്രമങ്ങളെല്ലാം ഇതോടെ വ്യഥാവിലായി. കടം വാങ്ങിയ പണത്തിനു പലിശ കൂടി കൊടുക്കാൻ കഴിയാത്ത അവസ്ഥയിലുമായി. ഇതോടെയാണ് ഉപഭോക്തൃ കോടതിയെ സമീപിച്ചത്.

പരാതിക്കാരന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതിനാൽ സ്കോളർഷിപ്പോടെ പഠിക്കാനാണ് സമീപിച്ചതെന്ന് എതിർകക്ഷി ബോധിപ്പിച്ചു. അഡ്മിഷൻ ലഭിക്കുമെന്ന് യാതൊരു ഉറപ്പും നൽകിയിട്ടില്ല. കിട്ടിയില്ലെങ്കിൽ പിന്നെ പണം തിരിച്ചു നൽകില്ല എന്നും നേരത്തെ പറഞ്ഞിരുന്നു. പ്രവേശനത്തിനുള്ള നടപടികൾ ആരംഭിച്ചുവെങ്കിലും പിന്നീട് അത് റദ്ദാക്കാനാണ് പരാതിക്കാരൻ ആവശ്യപ്പെട്ടത്. അത് രേഖാമൂലം നൽകാൻ തയ്യാറായില്ല. തങ്ങൾ കാരുണ്യ പ്രവർത്തനമല്ല മറിച്ച് ബിസിനസ് ആണ് നടത്തുന്നതെന്നും അതിനാൽ ലഭിച്ച സർവീസ് ചാർജ് തിരിച്ചുനൽകാൻ കഴിയില്ലെന്നും എതിർകക്ഷി കോടതി മുമ്പാകെ ബോധിപ്പിച്ചു.

ഈ വാദങ്ങളെല്ലാം തള്ളിക്കൊണ്ടാണ് കോടതിയുടെ ഇടപെടൽ. 'വിദേശ പഠനവും ജോലിയും എന്ന ഒരു വിദ്യാർത്ഥിയുടെ സ്വപ്നം എതിർകക്ഷിയുടെ സേവനത്തിലെ ന്യൂനത മൂലം നിഷ്ഫലമായി എന്നതാണ് പരാതി.പരാതിക്കാരൻ സാമ്പത്തികമായ ബുദ്ധിമുട്ട് മാത്രമല്ല ഏറെ മന:ക്ലേശവും അനുഭവിക്കേണ്ടി വന്നുവെന്ന് കോടതി വിലയിരുത്തി. ഈ സാഹചര്യത്തിൽ ഫീസായി നൽകിയ 59,000 രൂപയും നഷ്ടപരിഹാരമായി 50,000 രൂപയും കോടതി ചെലവിനത്തിൽ 15,000 രൂപയും ഒരു മാസത്തിനകം വിദ്യാർത്ഥിക്ക് നൽകാനാണ് ഉത്തരവ്. പരാതിക്കാരന് വേണ്ടി അഡ്വ. മിഷേൽ എം ദാസൻ ഹാജരായി.



# പുന്നമട നെഹ്റു ട്രോഫി പാലം നിർമാണത്തിനു തുടക്കം

**ആലപ്പുഴ:** തങ്ങളുടെ സ്വപ്നമായ പുന്നമട നെഹ്റു ട്രോഫി പാലത്തിന്റെ നിർമാണോദ്ഘാടനത്തിനു സാക്ഷിയാകാൻ നാടൊന്നാകെ എത്തി. ഉദ്ഘാടനച്ചടങ്ങിനു പിന്നാലെ നിർമാണ പ്രവൃത്തികൾക്കും തുടക്കമായി. നിർമാണോദ്ഘാടനം മന്ത്രി പി.എ.മുഹമ്മദ് റിയാസ് നിർവഹിച്ചു. കായൽത്തുരുത്തുകളെയും നഗരത്തെയും തമ്മിൽ ബന്ധപ്പെടുത്തുന്ന പാലം സമയബന്ധിതമായി പൂർത്തിയാക്കാൻ നേരിട്ട് ഇടപെടുമെന്ന മന്ത്രിയുടെ പ്രഖ്യാപനം കയ്യടികളോടെയാണു ജനങ്ങൾ സ്വീകരിച്ചത്. കിഫ്ബി പദ്ധതിയിൽ പാലം നിർമിക്കാൻ സർക്കാർ 57 കോടി രൂപ ചെലവഴിക്കും. മറുകര എത്താൻ ചെറുവള്ളങ്ങളെ ആശ്രയിക്കേണ്ടിവരുന്ന ഒരു ജനതയെ സർക്കാർ ചേർത്തുപിടിക്കുകയാണെന്നു ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

മുഖ്യാതിഥിയായി പങ്കെടുക്കേണ്ടിയിരുന്ന കെ.സി.വേണുഗോപാൽ എംപി കശ്മീരിൽ തിരഞ്ഞെടുപ്പ് ചുമതലയുമായി ബന്ധപ്പെട്ട് പോയിരിക്കുകയാണെന്ന വിവരം അറിയിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിന്റെ സന്ദേശം ലഭിച്ചിട്ടുണ്ടെന്നും ചടങ്ങിൽ അധ്യക്ഷത വഹിച്ച പി.പി.ചിത്തരഞ്ജൻ എംഎൽഎ അറിയിച്ചു. നഗരസഭാധ്യക്ഷ കെ.കെ.ജയമ്മ, കലക്ടർ അലക്സ് വർഗീസ്, കെആർഎഫ്ബി പ്രോജക്ട് ഡയറക്ടർ എം.അശോക് കുമാർ, സിപിഎം ജില്ലാ സെക്രട്ടറി ആർ.നാസർ, കേരള കോൺഗ്രസ് ജില്ലാ പ്രസിഡന്റ് വി.സി.ഫ്രാൻസിസ്, നഗരസഭ വൈസ് ചെയർമാൻ പി.എസ്.എം.ഹുസൈൻ, നഗരസഭ സ്ഥിരസമിതി ചെയർമാൻ എം.ആർ.പ്രേം, കൗൺസിലർ ജി.ശ്രീലേഖ, ഡി.ലക്ഷ്മണൻ, തോമസ് ജോസഫ്, സൗമ്യ രാജ്, സുബാഷ് ബാബു, എസ്.എം.ഇക്ബാൽ, ഡി.സലിംകുമാർ, സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രിജിത്ത് ലാൽ, കെആർഎഫ്ബി പിഎംയു എക്സിക്യൂട്ടീവ് എൻജിനീയർ റിജോ തോമസ് മാത്യു, കെആർഎഫ്ബി സൗത്ത് സർക്കിൾ ടീം ലീഡർ പി.ആർ.മഞ്ജുഷ, അഗസ്റ്റിൻ കരിമ്പുംകാല തുടങ്ങിയവർ പ്രസംഗിച്ചു.

# കുസാറ്റിന് പുതിയ വൈസ് ചാൻസലർ; പ്രൊഫ.ഡോ.എം.ജുനൈദ് ബുഷ്റി ഇന്ന് ചുമതലയേൽക്കും



**കൊച്ചി :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ഭൗതികശാസ്ത്ര വിഭാഗം പ്രൊഫസറും ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനുമായ പ്രൊഫ. ഡോ.എം.ജുനൈദ് ബുഷ്റി സർവകലാശാല വൈസ് ചാൻസലറായി സെപ്റ്റംബർ 21 ന് ചുമതലയേൽക്കും. കുസാറ്റ് മുൻ വൈസ് ചാൻസലർ പ്രൊഫ.ഡോ.പി.ജി ശങ്കരൻ സർവീസിൽ നിന്നും വിരമിക്കുന്നതിൻറെ പശ്ചാത്തലത്തിലാണ് പുതിയ നിയമനം. സർവകലാശാല പ്രോവൈസ് ചാൻസലറായിരുന്ന പ്രൊഫ.ഡോ.പി.ജി ശങ്കരൻ 2023 ഏപ്രിലിലാണ് വൈസ് ചാൻസലറായി ചുമതലയേറ്റത്. സെപ്റ്റംബർ 21 നാണ് അദ്ദേഹം വിരമിക്കുന്നത്.

2000ൽ കേരള സർവകലാശാലയിൽ നിന്നും ഗവേഷണം പൂർത്തിയാക്കിയ പ്രൊഫ.ഡോ.എം.ജുനൈദ് ബുഷ്റി 2006ൽ ആണ് തൻറെ കുസാറ്റ് അധ്യാപന ജീവിതം അരംഭിക്കുന്നത്.അതിന് മുൻപ് കൊറിയയിലെ അഡ്വാൻസ്ഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, തായ്‌വാനിലെ അക്കാദമിയ സിനിക്ക, ജപ്പാനിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മോളിക്യുലാർ സയൻസിലെ ഡിപ്പാർട്ട്മെൻറ് ഓഫ് ഇലക്ട്രോണിക് സ്ട്രക്ചർ, സ്പെയിനിലെ വലൻസിയ സർവകലാശാല, കേരള സർവകലാശാലയിലെ ഭൗതികശാസ്ത്ര വിഭാഗം എന്നിവിടങ്ങളിലും അദ്ദേഹം പ്രവർത്തിച്ചു. 2016 മുതൽ 2019 വരെ കുസാറ്റ് ഭൗതികശാസ്ത്ര വിഭാഗം മേധാവിയായിരുന്നു. ദേശീയ, അന്താരാഷ്ട്ര ജേണലുകളിൽ 58 പ്രസിദ്ധീകരണങ്ങളും കോൺഫറൻസിലും സെമിനാർ പ്രൊസീഡിംഗ്സിലും 62 പേപ്പറുകളും അവതരിപ്പിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആൻഡ് എൻവയോൺമെന്റിൻറെ (കെ.എസ്.സി.എസ്.ടി.ഇ) ധനസഹായത്തോടെ രണ്ട് ഗവേഷണം പൂർത്തിയാക്കിയ അദ്ദേഹത്തിൻറെ കീഴിൽ 11 വിദ്യാർത്ഥികൾ എം.ഫില്ലും 11 വിദ്യാർത്ഥികൾ പി.എച്ച്.ഡിയും പൂർത്തിയാക്കിയിട്ടുണ്ട്. 2015 മുതൽ കുസാറ്റ് സെനറ്റ് അംഗവുമാണ് ഡോ.എം.ജുനൈദ് ബുഷ്റി.

# കുസാറ്റ്: എം.ബി.എ പ്രോഗ്രാമുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിൽ എക്സിക്യൂട്ടിവ് എം.ബി.എ പ്രോഗ്രാമിൽ വിവിധ വിഭാഗങ്ങളിലുമായി ഒഴിവുള്ള സീറ്റുകളിലേക്ക് സെപ്റ്റംബർ 25 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. എക്സിക്യൂട്ടിവ് എം.ബി.എ റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.00 ന് സ്കൂൾ ഓഫ് മാനേജ്മെൻറ് സ്റ്റഡീസിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. സീറ്റുകളുടെ കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# അതിരപ്പിള്ളിയിലെ വനയാത്ര: കർശന നടപടിയുമായി വനംവകുപ്പ്

**അങ്കമാലി:** വനഭൂമിയിലെ റോഡുകളിലൂടെയുള്ള യാത്രകൾക്കെതിരെ കർശന നിയമ നടപടിയുമായി വനംവകുപ്പ്. മലയാറ്റൂർ ഡിവിഷനൽ ഫോറസ്റ്റ് ഓഫിസറുടെ അധ്യക്ഷതയിൽ ചേർന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും പ്ലാന്റേഷൻ കോർപറേഷൻ ഓഫ് കേരള (പിസികെ) ഉദ്യോഗസ്ഥരുടെയും യോഗത്തിലാണു തീരുമാനം.

കഴിഞ്ഞ ദിവസം പ്ലാന്റേഷൻ കോർപറേഷൻ പതിമൂന്നാം ബ്ലോക്കിൽ കുളിരാംതോടു ഭാഗത്തു വനമേഖലയിലേക്ക് കയറിയ കാർ കാട്ടാന തകർത്തിരുന്നു. കുറച്ചു ദിവസം മുൻപ് കുളിരാംതോടു ഭാഗത്തു കാട്ടാന സ്കൂട്ടർ യാത്രക്കാരെ ആക്രമിച്ചെന്നും പ്രചാരണമുണ്ടായി. പിസികെ പാട്ടത്തിന് എടുത്ത വനഭൂമിയിലെ റോഡിലൂടെ അനധികൃതമായി പെതുജനങ്ങൾ പ്രവേശിച്ചാൽ വന്യജീവി സംരക്ഷണ നിയമം, കേരള വനനിയമം എന്നിവ അനുസരിച്ച് കേസെടുക്കും.

പ്ലാന്റേഷൻ ജീവനക്കാർ നേരിട്ടു പൊതുജനങ്ങളെ കൊണ്ടുവന്നാൽ അവർക്കെതിരെയും ഇതേ നടപടിയുണ്ടാകും. വന്യജീവികളെ പ്രകോപിപ്പിക്കുന്ന രീതിയിൽ പെരുമാറുന്നതും അവയുടെ ചിത്രങ്ങൾ പകർത്തുന്നതും അനുവദിക്കില്ല. വനഭൂമിയിലെ റോഡിന്റെ വശങ്ങളിൽ അനാവശ്യമായി വാഹനം നിർത്തിയിട്ടു സംഘർഷ സാധ്യത കൂട്ടുന്നതും മറ്റു നിയമവിരുദ്ധപ്രവർത്തനങ്ങൾ ചെയ്യുന്നതും ശ്രദ്ധയിൽപ്പെട്ടാൽ വനംവകുപ്പും പിസികെയും നിയമ നടപടികളെടുക്കും.

# ഇന്ത്യയിൽ നാല് ദശലക്ഷം പേർക്ക് അൽഷിമേഴ്സ്

## ലോക അൽഷിമേഴ്സ് ദിനം ഇന്ന്



**അനഘ പിഷാരടി**
ഒക്യുപേഷണൽ
തെറാപ്പിസ്റ്റ്, പ്രയത്ന,
കൊച്ചി

ഡിമെൻഷ്യ അഥവാ ഓർമ്മക്കുറവിന്റെ ഏറ്റവും സാധാരണമായ രൂപമാണ് അൽഷിമേഴ്സ് രോഗം. ലോകമെമ്പാടുമുള്ള ദശക്കണക്കിന് ആളുകളെ അൽഷിമേഴ്സ് ബാധിക്കുന്നു. കണക്കെടുത്താൽ ഇന്ത്യയിൽ മാത്രം 4 ദശലക്ഷത്തിലേറെ പേർക്ക് വിവിധ തരം ഓർമ്മക്കുറവ് രോഗങ്ങൾ ബാധിച്ചിട്ടുണ്ട്. ആഗോളതലത്തിൽ ഇത് 44 ദശലക്ഷമെന്നാണ് കണക്ക്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് 55 ദശലക്ഷത്തിലധികം പേർ ഡിമെൻഷ്യയുമായി ജീവിക്കുന്നുണ്ട്. ഇത് മരണത്തിന്റെ പ്രധാന കാരണങ്ങളിൽ ഏഴാംസ്ഥാനത്താണ്. കൂടാതെ പ്രായമായവരിൽ ആശ്രിതത്വത്തിന്റെ പ്രധാന കാരണവുമാണ്.

ലോങ്കിറ്റ്യൂഡിനൽ ഏജിംഗ് സ്റ്റഡി (20182020) പഠനം അനുസരിച്ച് 60 വയസും അതിൽ കൂടുതലും പ്രായമുള്ളവരിൽ 7.4% ആളുകളും, ഏകദേശം 8.8 ദശലക്ഷം ആളുകളും ഇന്ത്യയിൽ ഡിമെൻഷ്യയുമായി ജീവിക്കുന്നു. ജനസംഖ്യയിൽ പ്രായമായവർ കൂടുന്നതിനാൽ അൽഷിമേഴ്സ് രോഗമുള്ളവരെ എങ്ങനെ കൈകാര്യം ചെയ്യാമെന്നും പിന്തുണയ്ക്കാമെന്നും മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്. അൽഷിമേഴ്സ് മാനേജ്മെന്റിൽ ഒരു ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ പങ്ക് വളരെ പ്രാധാന്യമർഹിക്കുന്നത് അവിടെയാണ്. രോഗികൾക്ക് അവരുടെ ദൈനംദിന കാര്യങ്ങൾ സുഗമമായി ചെയ്ത് ജീവിത നിലവാരം മെച്ചപ്പെടുത്താൻ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് സഹായിക്കുന്നു.

**അൽഷിമേഴ്സ് രോഗം എന്തെന്ന് അറിയാം**

തുടക്കത്തിൽ ഓർമ്മ, ചിന്തകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയെ ബാധിക്കുന്ന ഒരു മസ്തിഷ്ക രോഗമാണ് അൽഷിമേഴ്സ്. രോഗവുമായി മുന്നോട്ട് പോകുന്തോറും സമീപകാലത്ത് നടന്ന സംഭവങ്ങൾ ഓർക്കാൻ രോഗികൾ ബുദ്ധിമുട്ടും. പേരും ആളുകളുടെ മുഖവും മറക്കും. പരിചിതമായ സ്ഥലങ്ങളിൽ പോലും വഴിതെറ്റും. കാര്യങ്ങൾ ഗ്രഹിക്കുന്നത് കുറയുന്തോറും പാചകം, കുളി, വസ്ത്രധാരണം തുടങ്ങി ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. ഇത്തരം ദൈനംദിന കാര്യങ്ങൾ ചെയ്യാൻ കഴിയാതെ വരുന്നതിലൂടെ നിരാശ, ആശയക്കുഴപ്പം, ദേഷ്യം തുടങ്ങിയ പെരുമാറ്റ മാറ്റങ്ങൾ രോഗികൾക്ക് ഉണ്ടാവുക സാധാരണമാണ്. വഴിതെറ്റിയാൽ എന്തു ചെയ്യണം പോലുള്ള ചെറിയ തീരുമാനങ്ങളെടുക്കുന്നതിനെ പോലും രോഗം ബാധിക്കും. അൽഷിമേഴ്സ് രോഗത്തിന് ചികിത്സ ഇല്ലാത്തതു കൊണ്ട് തന്നെ അതിന്റെ ലക്ഷണങ്ങളെ നിയന്ത്രിക്കുകയും രോഗികൾക്ക് ആവശ്യമായ പിന്തുണ നൽകുകയുമാണ് പ്രധാനം. ഇവിടെയാണ് ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ പങ്ക് നിർണ്ണായകമാകുന്നത്.



**ഒക്യുപേഷണൽ തെറാപ്പിയുടെ പങ്ക്**

അൽഷിമേഴ്സ് രോഗികളെ അവരുടെ ദൈനംദിന പ്രവർത്തനങ്ങളും ദിനചര്യകളും മാനേജ് ചെയ്യാനും അർത്ഥവത്തായ തൊഴിലുകളിലോ വിനോദങ്ങളിലോ ഏർപ്പെടാൻ ഒക്യുപേഷണൽ തെറാപ്പി സഹായിക്കുന്നു. രോഗികളുടെ വൈജ്ഞാനിക (ധാരണാശേഷി)പരിമിതികൾക്കിടയിലും കഴിയുന്നത്ര സ്വതന്ത്രമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുന്നതിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അവരുടെ സമീപനം രോഗിക്കും കുടുംബത്തിനും പ്രയോജനകരമാണെന്ന് ഉറപ്പുവരുത്തുന്നതിനൊപ്പം രോഗിയെ പരിചരിക്കുന്നവരുടെ ഭാരം കുറയ്ക്കുകയും രോഗിയുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.



**ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ അൽഷിമേഴ്സ് രോഗികളെ സഹായിക്കുന്നത് എങ്ങനെ?**

ദൈനംദിന ജീവിത പ്രവർത്തനങ്ങളുടെ വിലയിരുത്തൽ: വസ്ത്രധാരണം, പാചകം, അല്ലെങ്കിൽ മരുന്നുകൾ കൈകാര്യം ചെയ്യൽ തുടങ്ങി ദൈനംദിന ജോലികൾ ചെയ്യാനുള്ള രോഗിയുടെ കഴിവ് ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ വിലയിരുത്തുന്നു. ഈ വിലയിരുത്തലിനെ അടിസ്ഥാനമാക്കി, രോഗിക്ക് ചെയ്യാനാകുന്ന രീതിയിൽ അവരെ സഹായിക്കുന്ന ഒരു വ്യക്തിഗത പദ്ധതി ഉണ്ടാക്കുന്നു.

പ്രവർത്തനപരമായ കഴിവുകൾ വർദ്ധിപ്പിക്കുക: വിവിധ സാങ്കേതിക വിദ്യകളിലൂടെ, രോഗിയുടെ കഴിവുകൾ പുനഃസ്ഥാപിക്കാൻ തെറാപ്പിസ്റ്റുകൾ സഹായിക്കുന്നു. ഉദാഹരണത്തിന്, പല്ല് തേക്കുക എന്ന പ്രവർത്തനത്തെ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ ലളിതമായ പല ഘട്ടങ്ങളായി വിഭജിക്കുന്നു. തുടർന്ന് ദൃശ്യപരമോ വാക്കുകളാലോ ഉള്ള സൂചനകൾ നൽകി ആ പ്രവർത്തനം ചെയ്യാൻ രോഗിയെ നയിക്കുന്നു. ഇത് രോഗിയെ സഹായിക്കുക മാത്രമല്ല, രോഗാവസ്ഥയോടുള്ള നിരാശ കുറയ്ക്കാനും സഹായിക്കുന്നു.

ആത്മവിശ്വാസം വളർത്തിയെടുക്കൽ: ഒരു പതിവ് ദിനചര്യ നിലനിർത്താൻ അൽഷിമേഴ്സ് രോഗികളെ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ പ്രോത്സാഹിപ്പിക്കുന്നു. ഇത് ഉത്കണ്ഠയും ആശയക്കുഴപ്പവും കുറയ്ക്കാനും നേടാനാകുന്ന ലക്ഷ്യങ്ങൾ സജ്ജമാക്കി രോഗിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാനും സഹായിക്കും. ഇതിലൂടെ ലക്ഷ്യബോധം നിലനിർത്താനും നിരാശ കുറയ്ക്കാനും രോഗി പ്രാപ്തരാകുന്നു.

**പാരിസ്ഥിതിക പരിഷ്കരണങ്ങൾ:** വീടിന്റെ അന്തരീക്ഷം സുരക്ഷിതമാണെന്നും രോഗിയെ പിന്തുണയ്ക്കുന്നതാണെന്നും ഒക്യുപേഷണൽ തെറാപ്പിസ്റ്റ് ഉറപ്പ് വരുത്തുന്നു. മുറികളോ സ്ഥിരമായി ഉപയോഗിക്കുന്ന വസ്തുക്കളോ ലേബൽ ചെയ്യൽ, റഗ്ഗുകളോ ചവിട്ടികളോ ഒഴിവാക്കുക, നിലം വ്യക്തവും അലങ്കോലമില്ലാതെ സൂക്ഷിക്കുക, ചലിക്കാൻ സഹായിക്കുന്ന വിവിധ മൊബിലിറ്റി എയ്ഡുകൾ നൽകൽ തുടങ്ങിയവ പോലുള്ള ക്രമീകരണങ്ങൾ ശുപാർശ ചെയ്യുന്നത് ഇതിൽ ഉൾപ്പെട്ടേക്കാം. ആശയക്കുഴപ്പവും വീഴാനുള്ള സാധ്യതയും കുറയ്ക്കാൻ മികച്ച ലൈറ്റിംഗ് സഹായിക്കും. ഓട്ടോമാറ്റിക് ലൈറ്റുകൾ ഉപയോഗിക്കുന്നത് രാത്രിയിൽ രോഗി വീഴുന്നത് തടയുന്നു.

പരിചരിക്കുന്നവർക്ക് അറിവും പിന്തുണയും : ഒക്യുപേഷണൽ തെറാപ്പിസ്റ്റിന്റെ ഏറ്റവും പ്രധാനപ്പെട്ട സഹായങ്ങളിലൊന്ന് പരിചരിക്കുന്നവർക്ക് നൽകുന്ന പിന്തുണയാണ്. അൽഷിമേഴ്സ് രോഗിയെ പരിചരിക്കുന്നത് ശാരീരികമായും വൈകാരികമായും ബുദ്ധിമുട്ടുള്ളതാണ്. വെല്ലുവിളി നിറഞ്ഞ പെരുമാറ്റങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാമെന്നും രോഗിയുമായി ഫലപ്രദമായി ആശയവിനിമയം എങ്ങനെ നടത്താമെന്നും ദൈനംദിന പരിചരണ ജോലികൾ ലഘൂകരിക്കാമെന്നും ഒക്യുപേഷണൽ തെറാപ്പിസ്റ്റ് പരിചരിക്കുന്നവരെ പഠിപ്പിക്കുന്നു. ഇത് പരിചരിക്കുന്നയാളുടെ ക്ഷീണം കുറയ്ക്കുകയും മൊത്തത്തിലുള്ള പരിചരണ അനുഭവം മെച്ചപ്പെടുത്തുകയും ചെയ്യും. അൽഷിമേഴ്സ് രോഗം സങ്കീർണ്ണമായ വെല്ലുവിളികൾ നിറഞ്ഞതാണ്. എന്നാൽ ഒക്യുപേഷണൽ തെറാപ്പിയുടെ സഹായത്തോടെ, ദൈനംദിന ജീവിത പ്രവർത്തനങ്ങൾ, ദിനചര്യകൾ, സമഗ്രമായ പരിചരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, രോഗികളുടെയും അവരെ പരിചരിക്കുന്നവരുടെയും ജീവിതം മെച്ചപ്പെടുത്തുന്നതിൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

# ഭിന്നശേഷി സമൂഹത്തിനായി ഗോപിനാഥ് മുതുകാടിന്റെ അഞ്ചാം ഭാരത യാത്ര ഇൻക്ലൂസീവ് ഇന്ത്യ



**തിരുവനന്തപുരം:** ഭിന്നശേഷി സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള സാമൂഹ്യ ഉൾച്ചേർക്കലിന്റെ പ്രാധാന്യത്തെക്കുറിച്ച് ഭാരതത്തിലുടനീളം പൊതുജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനായി ഗോപിനാഥ് മുതുകാട് ഭാരത യാത്രയ്ക്കൊരുങ്ങുന്നു. ഭാരതത്തിന്റെ വിഘടനവാദത്തിനും വർഗീയതയ്ക്കുമെതിരെയും ഗാന്ധി സന്ദേശങ്ങളുടെ പ്രചാരണാർത്ഥവുമായി നടത്തിയ 4 ഭാരതയാത്രകൾക്കുശേഷമാണ് ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ ഭിന്നശേഷിക്കാർക്കായി ഇൻക്ലൂസീസ് ഇന്ത്യ എന്ന പേരിൽ അഞ്ചാമത്തെ ഭാരതയാത്ര നടത്തുന്നത്.

2002ൽ വിസ്മയ ഭാരതയാത്ര, 2004ൽ ഗാന്ധിമന്ത്ര, 2007ൽ വിസ്മയ് സ്വരാജ് യാത്ര, 2010ൽ മിഷൻ ഇന്ത്യയ്ക്കുശേഷം നീണ്ട 14 വർഷങ്ങൾക്കുശേഷമാണ് പുതിയ യാത്ര എന്ന സവിശേഷതയുമുണ്ട്. യാത്രയ്ക്ക് കേന്ദ്ര സർക്കാരിന്റെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ഡി.ഇ.പി.ഡബ്ല്യു.ഡിയിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

ഭിന്നശേഷി മേഖലയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വരുത്തുക, മറ്റുള്ളവരെ പോലെ അവർക്കും തുല്യനീതി ഉറപ്പാക്കുക, ഭിന്നശേഷിക്കാരോടുള്ള സമീപനത്തിൽ പുരോഗമനപരമായ മാറ്റം കൊണ്ടുവരിക തുടങ്ങിയ നിരവധി ഘടകങ്ങളാണ് യാത്രയിലുടനീളം പ്രചാരണ വിഷയമാക്കുന്നത്. ഡിഫറന്റ് ആർട് സെന്ററിൽ പരീക്ഷിച്ച് വിജയിച്ച ഡി.എ.സി മോഡലും യാത്രയിൽ അവതരിപ്പിക്കും. ഇന്ദ്രജാലത്തിന്റെ അകമ്പടിയോടെ ഒന്നരമണിക്കൂർ നീളുന്ന ബോധവത്കരണ പരിപാടി ഇന്ത്യയിലുടനീളം നാൽപ്പതോളം വേദികളിൽ അവതരിപ്പിക്കും. ലോക സെറിബ്രൽ പാൽസി ദിനമായ ഒക്ടോബർ 6ന് കന്യാകുമാരിയിൽ നിന്നാരംഭിച്ച് ലോക ഭിന്നശേഷി ദിനമായ ഡിസംബർ 3ന് ഡൽഹിയിൽ അവസാനിക്കും.

കന്യാകുമാരി മുതൽ കാശ്മീർ വരെയുള്ള വിവിധ സംസ്ഥാനങ്ങളിലെ ഡി.ഇ.പി.ഡബ്ല്യു.ഡിയുടെ കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ടുകളുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ഈ പരിപാടിയുടെ ഗുണഭോക്താക്കൾ അതാതിടങ്ങളിലെ പൊതുജനങ്ങൾ, ഭിന്നശേഷി വിഭാഗക്കാർ, രക്ഷിതാക്കൾ, അദ്ധ്യാപകർ, ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്നവർ, എൻ.ജി.ഒകൾ, ഗവൺമെന്റ് ഉദ്യോഗസ്ഥർ എന്നിവരാണ്.

പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 22ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഡിഫറന്റ് ആർട് സെന്ററിൽ രാവിലെ 10.30ന് നടക്കുന്ന ചടങ്ങിൽ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ.ആർ.ബിന്ദു അദ്ധ്യക്ഷത വഹിക്കും. പാരാലിംപ്യൻ പദ്മശ്രീ ബോണിഫെയ്സ് പ്രഭുവിനെ ആദരിക്കും. കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, ഡിഫറന്റ് ആർട് സെന്റർ ഡയറക്ടർ ജയഡാളി എം. വി, എക്സിക്യൂട്ടീവ് ഡയറക്ടർ ഗോപിനാഥ് മുതുകാട് എന്നിവർ പങ്കെടുക്കും. ചടങ്ങിനോടനുബന്ധിച്ച് നർത്തകി മേതിൽ ദേവികയുടെ സൈൻ ലാംഗ്വേജിന്റെ പശ്ചാത്തലത്തിലുള്ള നൃത്താവതരണവും പ്രശസ്ത ബുൾബുൾ വാദകൻ ഉല്ലാസ് പൊന്നടിയുടെ സംഗീതാവിഷ്കാരവും നടക്കും.

തുടർന്ന് ഗോപിനാഥ് മുതുകാട് ഇന്ത്യാ യാത്രയിൽ അവതരിപ്പിക്കുന്ന ബോധവത്കരണ ഇന്ദ്രജാല പരിപാടിയുടെ അവതരണവും നടക്കും. സെപ്റ്റംബർ 28ന് വൈകുന്നേരം 4.30ന് ചെന്നൈ കാമരാജർ അരങ്കത്തിൽ യാത്രയ്ക്ക് നാന്ദികുറിച്ചുകൊണ്ടുള്ള പരിപാടി അരങ്ങേറും. ഒക്ടോബർ 2ന് ലക്ഷദ്വീപിൽ ആമുഖ പരിപാടി, ഒക്ടോബർ 4ന് കേരള രാജ് ഭവനിൽ സംഘാംഗങ്ങൾക്ക് യാത്രയയപ്പ്, ഒക്ടോബർ 6ന് കന്യാകുമാരിയിൽ തുടക്കം എന്നിവ നടക്കും.



# വൈ.എം.സി.എയുടെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി പച്ചക്കറിത്തോട്ടം

**കൊച്ചി:** എറണാകുളം വൈ.എം.സി.എയുടെ ആഭിമുഖ്യത്തിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി പച്ചക്കറിത്തോട്ടം പദ്ധതിക്ക് സെന്റ് ജോർജ് യുപി സ്കൂൾ പൂണിത്തുറയിൽ വെച്ച് തുടക്കം കുറിച്ചു. എറണാകുളം വൈ.എം.സി.എ പ്രസിഡണ്ട് ഡോ. ടെറി തോമസ് എടത്തൊട്ടി അധ്യക്ഷത വഹിച്ച ചടങ്ങിൽ പദ്ധതിയുടെ ഉദ്ഘാടനം ശ്രീമതി മേഴ്സി ടീച്ചർ, കൗൺസിലർ, 54 ഡിവിഷൻ, നിർവഹിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ്. സിസ്റ്റർ ആനി ജോർജ്,ശ്രീ കെ ആർ. ബെക്സൺ, ചെയർമാൻ, പ്രോഗ്രാം കമ്മിറ്റി, സിസ്റ്റർ. ലീമ റോസ് സി എം സി, വൈ. എം. സി.എ, ജനറൽ സെക്രട്ടറി ശ്രീ.ആന്റോ ജോസഫ്, അസോസിയേറ്റ് ജനറൽ സെക്രട്ടറി ശ്രീ.സജീ എബ്രഹാം, ജെറി വിൽസൺ, അതുൽ ലാൽ എന്നിവർ സംസാരിച്ചു.

ഫോട്ടോ ക്യാപ്ഷൻ: എറണാകുളം വൈ.എം.സി.എയുടെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ വിദ്യാർത്ഥികൾക്കുവേണ്ടി തുടങ്ങുന്ന പച്ചക്കറിത്തോട്ട പദ്ധതിയുടെ പച്ചക്കറി തൈകൾ വാർഡ് മെമ്പർ ശ്രീമതി മേഴ്സി ടീച്ചർ സ്കൂൾ ഹെഡ്മിസ്ട്രസ് സിസ്റ്റർ ആനി ജോർജിന് കൈമാറി ഉദ്ഘാടനം ചെയ്യുന്നു. എറണാകുളം വൈ.എം.സി.എ പ്രസിഡണ്ട് ഡോ. ടെറി തോമസ് എടത്തൊട്ടി, കെ ആർ. ബെക്സൺ, സിസ്റ്റർ. ലീമ റോസ് സി എം സി, ആന്റോ ജോസഫ്, സജീ എബ്രഹാം, ജെറി വിൽസൺ, അതുൽ ലാൽ എന്നിവർ സമീപം.

# ഗുരുദേവമഹാസമാധി ഇന്ന് ലോകമെങ്ങും ആചരിക്കും

**ശിവഗിരി :** ശ്രീനാരരായണ ഗുരുദേവൻറെ 97 മതു മഹാസമാധി ദിനം ലോകമെമ്പാടും ഇന്നു ഭക്തി നിർഭരമായി ആചരിക്കും. ഗുരുദേവൻറെ മഹാസമാധി സ്ഥാനമായ ശിവഗിരിമഠം ഉൾപ്പെടെയുള്ള എല്ലായിടത്തും പുലർച്ചെ മുതൽ ചടങ്ങുകൾക്ക് തുടക്കം കുറിക്കും. വിശേഷാൽ പൂജകൾ, പാരായണം, പ്രാർത്ഥന, ഉപവാസം, സമാധി സമ്മേളനം, പ്രഭാഷണങ്ങൾ, ശാന്തി യാത്ര, അന്നദാനം എന്നിവയാകും മുഖ്യ പരിപാടികൾ.

ശിവഗിരിയിലേക്കു രാവിലെ മുതൽ ഭക്തർ എത്തിക്കൊണ്ടിരിക്കും. ആയൽ സംസ്ഥാനങ്ങളിൽ നിന്നും വിദേശരാജ്യങ്ങളിൽ നിന്നും സാമാധിദിനാചരണത്തിൽ പങ്കെടുക്കുന്നവർ കഴിഞ്ഞ ദിവസങ്ങളിൽ നാട്ടിലെത്തിയിട്ടുണ്ട്. ശിവഗിരിയിൽ ജയന്തി ദിനത്തിൽ തുടക്കം കുറിച്ച ജപയജ്ഞം തുടരുകയാണ്.

മഹാസമാധി സമ്മേളനവും ഉപവാസയജ്ഞവും 10 മണിക്ക് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും. ധർമ്മസംഘം പ്രസിഡൻറ് സച്ചിദാനന്ദ സ്വാമി അധ്യക്ഷത വഹിക്കും. ധർമ്മസംഘം ജനറൽ സെക്രട്ടറി ശുഭാംഗാനന്ദ സ്വാമി, ട്രഷറർ ശാരദാനന്ദ സ്വാമി, ട്രസ്റ്റ് ബോർഡ് അംഗം സൂക്ഷ്മാനന്ദ സ്വാമി തുടങ്ങിയവർ പ്രഭാഷണങ്ങൾ നടത്തും. ഡോ. ശശിതരൂർ എം. പി മുഖ്യ പ്രഭാഷണം നടത്തും. ആടൂർ പ്രകാശ് എം. പി, വി.ജോയി എം. എൽ. എ, മുനിസിപ്പൽ ചെയർമാൻ കെ. എം. ലാജി, മുൻ എം. എൽ. എ വർക്കല കഹാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സ്മിത സുന്ദരേശൻ, ജി. ഡി. പി. എസ് ചീഫ് കോ ഓർഡിനേറ്റർ സത്യൻ പന്തത്തല, പ്രോഗ്രാം കമ്മിറ്റി സെക്രട്ടറി അസംഗാനന്ദ ഗിരി സ്വാമി എന്നിവർ പ്രസംഗിക്കും. 12 ന് മഹാസമാധി വിശദീകരണം സച്ചിദാനന്ദ സ്വാമി നർവ്വഹിക്കും. 2 നു ശാരദാമഠത്തിൽ സന്യാസിമാർ നയിക്കുന്ന ഹോമയജ്ഞം. മൂന്നിനു ശാരദാമഠത്തിൽ നിന്നും കലശപ്രദക്ഷിണ യാത്ര, 3. 30 ന് മഹാസമാധി പൂജ, കലശാഭിഷേകം, സമൂഹപ്രാർത്ഥന, ഉപവാസയജ്ഞം തുടർന്ന് 4 നു മഹാപ്രസാദ വിതരണം എന്നിവയും ഉണ്ടാകും.

**ആലുവ:** ശ്രീനാരായണ ഗുരുദേവന്റെ 97ാമത് മഹാസമാധി ദിനാചരണം ആലുവ അദ്വൈതാശ്രമത്തിൽ ഇന്ന് വിവിധ പരിപാടികളോടെ നടത്തുമെന്ന് ആശ്രമം സെക്രട്ടറി സ്വാമി ധർമ്മചൈതന്യ അറിയിച്ചു.

പുലർച്ചെ 5.30ന് ഗുരുമന്ദിരത്തിൽ വിശേഷാൽപൂജ, ആറിന് ശാന്തിഹവനം, അഷ്ടദ്രവ്യ ഗണപതിഹവനം, തുടർന്ന് ഗുരുദേവ കൃതികളുടെ പാരായണം, ഉപവാസം, പ്രാർത്ഥന, സത്സംഗം എന്നിവ നടക്കും. മൂന്നുമണിമുതൽ മഹാസമാധി പൂജ ആരംഭിച്ച് 3.30ഓടെ സമാപിക്കും. തുടർന്ന് പ്രസാദവിതരണം. ക്ഷേത്രം മേൽശാന്തി പി.കെ. ജയന്തൻ ചടങ്ങുകൾക്ക് കാർമ്മികത്വം വഹിക്കും.

# ഐഎസ്എൽ: കൊച്ചി മെട്രോ സർവ്വീസ് ദീർഘിപ്പിച്ചു

**കൊച്ചി:** ഐഎസ്എൽ ഫുട്ബോൾ ചാംപ്യൻഷിപ്പിൽ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നാളെ നടക്കുന്ന കേരള ബ്ലാസ്റ്റേഴ്സ് ഈസ്റ്റ് ബംഗാൾ മൽസരത്തിന്റെ ഭാഗമായി ഫുട്ബോൾ ആരാധകർക്കായി കൊച്ചി മെട്രോ സർവ്വീസ് ദീർഘിപ്പിച്ചു. മൽസര ദിവസമായ നാളത്തെ അവസാന സർവ്വീസ് ജെഎൽഎൻ സ്റ്റേഡിയത്തിൽ നിന്ന് ആലുവയിലേക്കും തൃപ്പൂണിത്തുറയിലേക്കും രാത്രി 11:00 മണിക്കായിരിക്കും പുറപ്പെടുന്നത്. ഐഎസ്എൽ മത്സരങ്ങൾ നടക്കുന്ന സമയത്ത് യാത്രക്കാർക്ക് വേണ്ടി അധിക യാത്രകളും, മറ്റ് പ്രത്യേക ക്രമീകരണങ്ങളും ജെഎൽഎൻ സ്റ്റേഡിയം സ്റ്റേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കെഎംആർഎൽ അറിയിച്ചു.

# പുഞ്ചത്തോട് നീരൊഴുക്ക് സുഗമമാക്കണം മെട്രോ കൊച്ചി വികസന സമിതി

**കൊച്ചി:** പാലാരിവട്ടം തമ്മനം പ്രദേശത്തെ വെള്ളം ചമ്പക്കര കനാലിലേക്ക് എത്തിക്കുന്ന പുഞ്ചത്തോടിന്റെ തമ്മനം നന്ദാനത്ത് കൊച്ചാക്കോ റോഡിൽ നിന്നുള്ള നിന്നുള്ള കാഴ്ചയിൽ മാലിന്യം കെട്ടിക്കിടന്ന് നീരൊഴുക്ക് തടസപ്പെട്ടിരിക്കുകയാണ് കനത്ത മഴ പെയ്താൽ ഈ പ്രദേശം മുഴുവൻ വെള്ളക്കെട്ടിലാകും മെട്രോ കൊച്ചി വികസന സമിതി യോഗം ചൂണ്ടിക്കാട്ടി. പുഞ്ചത്തോട്ടിലെ മാലിന്യം പൂർണ്ണമായം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

പൊന്നുരുന്നി സഹൃദയിൽ പ്രസിഡന്റ് കുരുവിള മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ രക്ഷാധികാരിമാരായ ഫാ ജോസ് കൊളുത്തുവള്ളി, എം കെ ശശീന്ദ്രൻജനറൽ സെക്രട്ടറി റ്റി ആർ.രാജീവ്മേനോൻ , സെക്രട്ടറി റ്റി എൻ പ്രതാപൻ ടി.പി സജീവൻ ,ടി.എൻ.ജയൻ ,ഗോപി കല്ലിക്കാട്ട് , കെ വി ജോൺസൺ ,കെ എൻ ഗിരീശൻ സി ഏ സുധാകരൻ എൻ വി സുധീപ് ഫിർദൗസ് എന്നിവർ പ്രസംഗിച്ചു




# പുതിയ ട്രയംഫ് ക്ലാസിക് മോട്ടോർസൈക്കിളുകൾ അവതരിപ്പിച്ച് ബജാജ്

**കൊച്ചി:** ബജാജ് ഓട്ടോ ലിമിറ്റഡ്  സ്പീഡ് ഠ4, ങഥ25 സ്പീഡ് 400 എന്നീ രണ്ട് ട്രയംഫ് ആധുനിക ക്ലാസിക് മോട്ടോർസൈക്കിളുകൾ പുറത്തിറക്കി.  ഐക്കണിക് ട്രയംഫ് ശൈലിയിൽ രൂപകൽപന ചെയ്തിരിക്കുന്ന ഹൈ എൻഡ് ബൈക്കുകളാണ് ബജാജ് ഇന്നലെ വിപണിയിലിറക്കിയിരിക്കുന്നത്.ട്രയംഫ് 400 സിസി മോഡേൺ ക്ലാസിക് ഫാമിലിയിലെ ഏറ്റവും പുതിയ അംഗമായ സ്പീഡ് ഠ4 വ്യത്യസ്തമായ റൈഡ് അനുഭവം നൽകുമെന്ന് ബജാജ് ഓട്ടോ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ രാകേഷ് ശർമ്മ പറഞ്ഞു.35005500 റേഞ്ചിൽ ഉയർന്ന ടോർക്ക് ചലനത്തോടെ, ഇത് കുറഞ്ഞ ഗിയർ ഷിഫ്റ്റുകളിൽ മികച്ച മിഡ്സ്പീഡ് റൈഡബിലിറ്റിക്ക് സഹായിക്കുന്നു. എഞ്ചിൻ ഇനേർഷ്യ 30% വർദ്ധിപ്പിച്ച്, ഇത് സ്പീഡ് 400നെ അപേക്ഷിച്ച് കുറഞ്ഞ ്യൂാൽ സ്റ്റെബിലിറ്റി നൽകുന്നു. പുതിയ ഡീപ് എക്സ്ഹോസ്റ്റ് ശബ്ദം, മണിക്കൂറിൽ 100 കിലോമീറ്റർ വേഗത്തിലുള്ള യാത്രയ്ക്ക് സഹായിക്കുന്ന സാങ്കേതികവിദ്യ എന്നിവ ഇതിന്റെ സവിശേഷതയാണ്.  പേൾ മെറ്റാലിക് വൈറ്റ്, കോക്ക്ടെയിൽ വൈൻ റെഡ്, ഫാന്റം ബ്ലാക്ക് എന്നീ മൂന്ന് നിറങ്ങളിൽ ലഭ്യമാണ്.2023 ജൂലൈയിൽ അവതരിപ്പിച്ച സ്പീഡ് 400 മോഡലിന്റെ പരിഷ്കരിച്ച മോഡലായാണ് ഇപ്പോഴത്തെ 2025 സ്പീഡ് 400 മോഡൽ വിപണിയിലിറങ്ങുന്നത്.  റേസിംഗ് യെല്ലോ, പേൾ മെറ്റാലിക് വൈറ്റ്, റേസിംഗ് റെഡ്, ഫാന്റം ബ്ലാക്ക് എന്നിങ്ങനെ നാല് നിറങ്ങളിൽ MY25 സ്പീഡ് 400 ലഭ്യമാണ്.സ്പീഡ് T4, MY25 സ്പീഡ് 400 തുടങ്ങിയ മോഡലുകൾ അവതരിപ്പിക്കുന്നതിലൂടെ, ഇന്ത്യയിൽ ട്രയംഫിന്റെ ശ്രേണി വിപുലീകരിക്കുന്നതിനുള്ള തങ്ങളുടെ ശ്രമങ്ങൾ തുടരുകയാണെന്നും ഈ പുതിയ മോഡലുകൾ പാരമ്പര്യത്തെ ആധുനികതയുമായി ലയിപ്പിച്ച് റൈഡർമാർക്ക് ഏറ്റവും മികച്ച റൈഡിംഗ് അനുഭവം നൽകാനായി രൂപകൽപ്പന ചെയ്തതാണെന്നും  രാകേഷ് ശർമ്മ പറഞ്ഞു.

# ഇസാഫ് ബാങ്കുമായി ധാരണാപത്രം ഒപ്പുവച്ച് ടാറ്റ മോട്ടോർസ്




**കൊച്ചി:** വാണിജ്യ വാഹന ഉപഭോക്താക്കൾക്കായി ആകർഷകങ്ങളായ ഫിനാൻസിംഗ് സൗകര്യങ്ങൾ വാഗ്ദാനം ചെയ്യുന്നതിനായി ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കുമായി ധാരണാപത്രം ഒപ്പു വച്ച്  വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റ മോട്ടോർസ്. ആദ്യ ഘട്ടത്തിൽ ചെറിയ വാണിജ്യ വാഹനങ്ങൾക്കും (എസ്സിവി) ലൈറ്റ് കൊമേർഷ്യൽ വെഹിക്കിളുകൾക്കും (എൽസിവി) ഫിനാൻസിംഗ് സേവനങ്ങൾ ഉറപ്പുനൽകിയിരുന്ന ഈ പങ്കാളിത്തം ഇപ്പോൾ ടാറ്റ മോട്ടോർസിന്റെ എല്ലാ വിഭാഗം വാഹനങ്ങളിലേക്കും വ്യാപിപ്പിക്കുകയാണ്. ടാറ്റ മോട്ടോർസ് എസ്സിവി & പിയു വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ വിനയ് പതക് പറഞ്ഞു.രാജ്യത്തുടനീളം എല്ലാ പ്രദേശങ്ങളിലുമുള്ള ജനങ്ങൾക്കായി ലളിതവും തടസ്സങ്ങളില്ലാത്തതുമായ ഫിനാൻസിംഗ് സൗകര്യങ്ങൾ കൂടുതൽ മികവുറ്റ രീതിയിൽ ഉറപ്പുനൽകുവാൻ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കുമായുള്ള ഞങ്ങളുടെ പങ്കാളിത്തത്തിലൂടെ സാധിക്കും. ഈ സഹകരണം സംരംഭകത്വവും തൊഴിലവസരങ്ങളും,  പ്രത്യേകിച്ച് ഫസ്റ്റ്ലാസ്റ്റ് മൈൽ ലോജിസ്റ്റിക്സിൽ വർദ്ധിപ്പിക്കുന്നതിനുള്ള ഞങ്ങളുടെ ശ്രമത്തെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും വിനയ് പതക് പറഞ്ഞു.ഉപഭോക്താക്കൾക്ക് അവർക്കനുയോജ്യമായ ഫിനാൻസിംഗ് സേവനങ്ങൾ നൽകുന്നതിനായി ടാറ്റ മോട്ടോർസുമായുള്ള പങ്കാളിത്തത്തെ ഏറെ ആഹ്ലാദത്തോടെയാണ് നോക്കിക്കാണുന്നതെന്ന്  ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഹേമന്ത് കുമാർ ടാംത പറഞ്ഞു.

# കേരള ട്രാവൽ മാർട്ട് 26 മുതൽ കൊച്ചിയിൽ

**കൊച്ചി:** വയനാട് ദുരന്തത്തിന് ശേഷം സംസ്ഥാനത്തെ ടൂറിസം മേഖലയുടെ പ്രാമുഖ്യം ഊട്ടിയുറപ്പിക്കാനുള്ള ശ്രമങ്ങളുമായി കേരള ട്രാവൽ  മാർട്ടിന്റെ (കെടിഎം2024) പന്ത്രണ്ടാം പതിപ്പിന് ഈ മാസം 26 ന് തുടക്കമാകും.

ഉത്തരവാദിത്ത ടൂറിസം, ആഗോള സമ്മേളനങ്ങൾക്ക് ആതിഥ്യമരുളുന്ന  മൈസ് (എംഐസിഇ മീറ്റിംഗ്സ് ഇൻസെൻറീവ്സ്, കോൺഫറൻസസ് ആൻഡ് എക്സിബിഷൻസ്) ടൂറിസം, വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ, ക്രൂയിസ് ടൂറിസം എന്നിവ കേന്ദ്രമാക്കിയാണ് ഇത്തവണത്തെ കെടിഎമ്മിന്  കൊടിയുയരുക. സിൽവർ ജൂബിലി വർഷത്തിലേക്ക് കടക്കുന്ന കേരള ട്രാവൽ  മാർട്ട് സൊസൈറ്റിയുടെ നാലു ദിവസത്തെ ട്രാവ  മാർട്ട് കേരളത്തിൻറെ ടൂറിസം മേഖലയുടെ ശക്തി വിളിച്ചോതുന്നതാകുമെന്ന്  കെടിഎം പ്രസിഡൻറ് ജോസ് പ്രദീപ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

രണ്ടുവർഷത്തിലൊരിക്കൽ  നടക്കുന്ന കേരള ട്രാവൽ  മാർട്ടിൻറെ ഉദ്ഘാടനം സെപ്റ്റംബർ 26 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ചടങ്ങിൽ  ടൂറിസം മന്ത്രി പി.എ മുഹമ്മദ് റിയാസ് അധ്യക്ഷത വഹിക്കും. ധനമന്ത്രി കെ.എൻ ബാലഗോപാൽ  മുഖ്യാതിഥിയായിരിക്കും.സെപ്തംബർ 26 ലെ ഉദ്ഘാടനത്തിന് ശേഷം 27 മുത  29 വരെ വെല്ലിംഗ്ടൺ ഐലൻറിലെ സാഗര സാമുദ്രിക കൺവെൻഷൻ സെൻററിലാണ് കേരള ട്രാവൽ  മാർട്ട് നടക്കുന്നത്. കെടിഎം 2024 ലെ ബിസിനസ് സെഷനുകൾ സെപ്റ്റംബർ 27, 28, 29 തീയതികളിൽ  നടക്കും.ചരിത്രത്തിലാദ്യമായി കെടിഎമ്മിലെ ബയർ രജിസ്ട്രേഷൻ സർവകാല റെക്കോർഡുമായി 2800 കടന്നു. 2018 ലെ കെടിഎമ്മിലാണ് ഇതിനു മുമ്പ് ഏറ്റവുമധികം ബയർ രജിസ്ട്രേഷൻ രേഖപ്പെടുത്തിയിരുന്നത്. അന്ന് വിദേശആഭ്യന്തര ബയർമാർ 1305 ആയിരുന്നു. ഇക്കുറി ആഭ്യന്തര ബയർ രജിസ്ട്രേഷൻ മാത്രം 2035 ലധികമുണ്ട്.2018ലെയും 2019ലെയും തുടർച്ചയായ വെള്ളപ്പൊക്കങ്ങളും തുടർന്ന് ഒരു വർഷത്തിനുശേഷമുണ്ടായ കൊവിഡ് പകർച്ചവ്യാധിയും ഏഴാഴ്ച മുമ്പ് വയനാട് വൈത്തിരി താലൂക്കി  ഉണ്ടായ ഉരുൾപൊട്ടലും കേരളത്തിൻറെ ടൂറിസം മേഖലയ്ക്ക് വെല്ലുവിളി ഉയർത്തിയിട്ടുണ്ടെന്ന് ജോസ് പ്രദീപ്  ചൂണ്ടിക്കാട്ടി.

ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിലും  മൈസ് (മീറ്റിംഗുകൾ,  വ്യവസായങ്ങൾ, കോൺഫറൻസുകൾ, എക്സിബിഷനുകൾ) ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിലും ഇത്തവണ ശ്രദ്ധ കേന്ദ്രീകരിക്കുമെന്ന് കെടിഎം സെക്രട്ടറി എസ് സ്വാമിനാഥൻ പറഞ്ഞു.76 രാജ്യങ്ങളിൽ  നിന്നായി ഇതു വരെ 808 വിദേശ ബയർമാരാണ് കെടിഎം 2024 നായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. യുകെ(67), യുഎസ്എ(55), ഗൾഫ്(60), യൂറോപ്പ്(245), റഷ്യ(34), എന്നിവിടങ്ങളിൽ നിന്നുള്ള ഉജ്ജ്വല പ്രതികരണത്തിന് പുറമേ ആഫ്രിക്കൻ രാജ്യങ്ങളിൽ (41) നിന്ന് അഭൂതപൂർവമായ രജിസ്ട്രേഷനാണ് വരുന്നത്.

മഹാരാഷ്ട്ര(578), ഡൽ ഹി(340), ഗുജറാത്ത്(263) എന്നിവിടങ്ങളിൽ നിന്നാണ് ആഭ്യന്തര ബയർമാർ ഏറ്റവുമധികം രജിസ്റ്റർ ചെയ്തിട്ടുള്ളത്. എട്ട് വിഭാഗങ്ങളിലായി 347 സ്റ്റാളുകളാണ് ഇത്തവണ ക്രമീകരിക്കുക.

കൂടാതെ ഇന്ത്യാ ടൂറിസം, കർണാടക ടൂറിസം തുടങ്ങിയ സർക്കാർ ഏജൻസികളുടെ സ്റ്റാളുകളും ഉണ്ടായിരിക്കും. സംസ്ഥാന വിനോദസഞ്ചാരവകുപ്പിൻറെ പൂർണ സഹകരണം ഉറപ്പ് വരുത്തിയിട്ടുണ്ട്.ബിടുബി കൂടിക്കാഴ്ചകളും മാർട്ടിൻറെ നടത്തിപ്പും സുഗമമാക്കിയിരുന്ന സോഫ്റ്റ്വെയർ പരിഷ്കരിച്ചിട്ടുണ്ട്. കെടിഎമ്മുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാകുന്ന കെടിഎം മൊബൈൽ ആപ്പ് മന്ത്രി പി എ. മുഹമ്മദ് റിയാസ് പുറത്തിറക്കിയിരുന്നു. ബയർസെല്ലർ കൂടിക്കാഴ്ചകൾ ക്രമീകരിക്കുന്നതും നിയന്ത്രിക്കുന്നതും ഈ ആപ്പ് വഴിയാകും. ഹരിതമാനദണ്ഡങ്ങൾ കർശനമായി പാലിക്കുമെന്ന് ഉറപ്പ് വരുത്തും.

കെടിഎം മുൻ പ്രസിഡൻറ്  ബേബി മാത്യു, മുൻ പ്രസിഡൻറ് എബ്രഹാം ജോർജ്, ജോയിൻറ് സെക്രട്ടറി ജോബിൻ ജോസഫ്, വൈസ് പ്രസിഡൻറ് ഹരികുമാർ സി, ട്രഷറർ ജിബ്രാൻ ആസിഫ്, സിഇഒ ശ്രാജ്കുമാർ. കെ എന്നിവരും വാർത്താ സമ്മേളനത്തിൽ  പങ്കെടുത്തു.

# വയോജന സൗഹൃദ നഗരം: ഏജ് എംപതി സ്യൂട്ട് കൊച്ചിയിൽ പരീക്ഷിച്ചു

**കൊച്ചി:** ലോകാരോഗ്യ സംഘടനയുടെ വയോജന സൗഹൃദ നഗര പദ്ധതിയുടെ ഭാഗമായി ദക്ഷിണേഷ്യയിലെ ആദ്യത്തെ വയോജന സൗഹൃദ നഗരമായി ലോകാരോഗ്യ സംഘടന കൊച്ചിയെ പ്രഖ്യാപിതിന്റെ ഭാഗമായി ഐഐടി ബോംബെ വികസിപ്പിച്ചെടുത്ത ചെറുപ്പക്കാർക്ക് ഉപയോഗിക്കാവുന്ന ഒരു ടൂൾ കിറ്റ് 'ഏജ് എംപതി സ്യൂട്ട്' കൊച്ചിയിൽ പരീക്ഷിച്ചു. പൊതുജനങ്ങൾക്കിടയിൽ മുതിർന്ന പൗരന്മാർ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക, പ്രായമാകുമ്പോൾ നമ്മുടെ കൈകാലുകൾക്കും ശരീരത്തിനും സംഭവിക്കുന്ന മാറ്റങ്ങൾ മനസ്സിലാക്കാൻ സാധിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഈ ടൂൾ കിറ്റ് വികസിപ്പിച്ചിട്ടുള്ളത്. സുഭാഷ് പാർക്കിൽ  നടന്ന പരിപാടിയിലാണ് ടൂൾ കിറ്റിന്റെ പരീക്ഷണം നടന്നത്. നമുക്ക് വാർദ്ധക്യം ആകുമ്പോൾ നമ്മുടെ ശരീരത്തിന് എന്ത് സംഭവിക്കും എന്നത്തിന്റെ നേർചിത്രമായിരുന്നു ഈ പരീക്ഷണം.കൊച്ചി നഗരസഭക്ക് ഈ വിഷയത്തിൽ ഉള്ള പ്രതിബദ്ധത ഊന്നിപറഞ്ഞുകൊണ്ട് മേയർ അഡ്വ.എം അനിൽകുമാർ ഐഐടി ബോംബെ പ്രതിനിധികളെ അഭിനന്ദിച്ചു. കൊച്ചി നഗരസഭ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാരായ ശ്രീ. പി ആർ റെനീഷ്, ശ്രീമതി. ഷീബ ലാൽ, ഡോ. രാജൻ, ഡയറക്ടർ, സി ഹെഡ്, ഐഐടി ബോംബെ പ്രതിനിധികൾ, മാജിക്സ് സംഘടനയുടെ പ്രതിനിധികൾ, പെരുമ്പാവൂർ ജയഭാരത് കോളേജിലെ സോഷ്യൽ വർക്ക് ,എൻഎസ്എസ് വോളന്റിയർമാർ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# അവതർ മെറ്റാ ലാബ്സ് ആദ്യത്തെ അവതാർ ക്രിയേറ്റർ മത്സരം ആരംഭിച്ചു

**കൊച്ചി:** ഇന്ത്യയുടെ ആദ്യ അക അവതാർ ക്രിയേറ്റർ മത്സരം ആരംഭിക്കുന്നതിന് ഇൻഫർമേഷൻ & ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയവുമായി സഹകരിച്ച് പ്രവർത്തിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് അവതർ മെറ്റാ ലാബ്സ്. ഗ്രാൻഡ് പ്രൈസ് വിജയിക്ക് ,1 ലക്ഷം രൂപയുടെ ക്യാഷ് പ്രൈസും, കൂടാതെ ഇന്ത്യയിലെ വളർന്നുവരുന്ന അക ഡിജിറ്റൽ ലാൻഡ്സ്കേപ്പിൽ അവരുടെ കരിയർ ആരംഭിക്കുന്നതിനുള്ള പ്ലാറ്റ്ഫോം വാഗ്ദാനം ചെയ്യുന്നു. മികച്ച 10 ഫൈനലിസ്റ്റുകൾക്ക് പങ്കാളിത്ത സർട്ടിഫിക്കറ്റും ലഭിക്കും. കൂടാതെ, ണഅഢഋട 2025 ഉച്ചകോടിയിൽ അവരുടെ വെർച്ചൽ അവതാറുകൾ അവതരിപ്പിക്കാൻ ഇതിൽ നിന്ന് മികച്ച 3 സ്രഷ്ടാക്കളെ ക്ഷണിക്കും. ഇന്ത്യയിലെ ആദ്യത്തെ അക കണ്ടന്റ് കമ്പനിയായ അവതർ മെറ്റാ ലാബ്സ്, സാങ്കേതികവിദ്യയുടെ, ആഴത്തിലുള്ള ഡിജിറ്റൽ അനുഭവങ്ങൾ സൃഷ്ടിക്കുന്നതിനായി, ഇന്ത്യയിലെമ്പാടുമുള്ള എല്ലാ അക പ്രേമികളെയും ഡിജിറ്റൽ സ്രഷ്ടാക്കളെയും, ഇന്നൊവേറ്റേഴ്സിനെയും ഈ മത്സരത്തിലേക്ക് ക്ഷണിച്ചിരിക്കുന്നു.

വെർച്ചൽ അവതാറിന്റെ അപൂർവ്വതയുടെയും ഉദ്ദേശ്യത്തിന്റെയും അടിസ്ഥാനത്തിൽ  പങ്കെടുക്കുന്നവരെ വിലയിരുത്തും. ഡിസൈനിലെ സർഗ്ഗാത്മകതയും സാങ്കേതിക നിർവ്വഹണവും വിലമതിക്കുന്ന പങ്കുവഹിക്കുന്നു . മത്സരാർത്ഥികൾ അക സാങ്കേതികവിദ്യയുടെ നൂതനമായ ആപ്ലിക്കേഷൻ ഉപയോഗിക്കണം.

# സോണി ഇന്ത്യ ഡബ്ല്യുഎഫ്സി 510 ട്രൂലി വയർലെസ് ഇയർബഡ്സ് പുറത്തിറക്കി

**കൊച്ചി:** കോംപാക്റ്റ് ഡിസൈനിൽ സോണിയുടെ ഡബ്ല്യുഎഫ്സി 510 ട്രൂലി വയർലെസ് ഇയർബഡ്സ് പുറത്തിറക്കി സോണി ഇന്ത്യ. പുതിയ മോഡൽ നീല, മഞ്ഞ, കറുപ്പ്, വെളുപ്പ് നിറങ്ങളിൽ ലഭ്യമാവും. സോണിയുടെ ക്ലോസ്ഡ് ടൈപ്പ് വയർലെസ് ഇയർബഡ്സുകളിൽ ഏറ്റവും ചെറിയ മോഡലെന്ന സവിശേഷതയും ഡബ്ല്യുഎഫ്സി 510നുണ്ടെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.പോക്കറ്റിലോ ബാഗിലോ കൊണ്ടുപോവാൻ സൗകര്യമായവിധത്തിൽ ചെറിയ ചാർജിങ് കെയ്സിലാണ് ഇത് വരുന്നത്. മുൻ മോഡലുമായി താരതമ്യപ്പെടുത്തുമ്പോൾ കനം കുറഞ്ഞ രൂപകൽപനയാണ് കോംപാക്റ്റ് സിലിണ്ടർ ചാർജിങ് കെയ്സിന്. 11 മണിക്കൂർ വരെ നീണ്ടുനിൽക്കുന്ന ബാറ്ററി ലൈഫാണ് ഡബ്ല്യുഎഫ്സി510ന് സോണിയുടെ വാഗ്ദാനം. അഞ്ച് മിനിറ്റ് കൊണ്ട് 60 മിനിറ്റ് വരെ ഉപയോഗിക്കാവുന്ന ചാർജും ലഭിക്കും. ഒരേസമയം രണ്ട് ബ്ലൂടൂത്ത് ഉപകരണങ്ങളിലേക്ക് കണക്റ്റുചെയ്യാൻ അനുവദിക്കുന്ന മൾട്ടി



പോയിൻറ് കണക്ഷനാണ് മറ്റൊരു പ്രധാന സവിശേഷത. സംഗീതം ആസ്വദിക്കുമ്പോൾ തന്നെ ചുറ്റുമുള്ള ശബ്ദം കേൾക്കാൻ അനുവദിക്കുന്ന ആംബിയൻറ് സൗണ്ട് മോഡും ഈ ഇയർബഡ്സിൻറെ സവിശേഷതയാണ്. വോയ്സ് ഫോക്കസ്, ഉയർന്ന നിലവാരമുള്ള ഓഡിയോ നൽകുന്ന ഡിജിറ്റൽ സൗണ്ട് എൻഹാൻസ്മെൻറ് എഞ്ചിൻ, 360 റിയാലിറ്റി ഓഡിയോ എന്നിവയുമുണ്ട്. സെപ്റ്റംബർ 26 മുതൽ സോണി റീട്ടെയിൽ സ്റ്റോറുകൾ (സോണി സെൻറർ, സോണി എക്സ്ക്ലൂസീവ്), ംംം.ടവീുമടേഇ.രീ പോർട്ടൽ, പ്രധാന ഇലക്ട്രോണിക് സ്റ്റോറുകൾ, മറ്റ് ഇകൊമേഴ്സ് വെബ്സൈറ്റ് എന്നിവയിൽ ഡബ്ല്യുഎഫ്സി 510 ട്രൂലി വയർലെസ് ഇയർബഡ്സ് ലഭ്യമാവും.

# വേർൾഡ്സ് മോസ്റ്റ് ട്രസ്റ്റഡ് കമ്പനീസ് 2024 പട്ടികയിൽ വിഗാർഡ്

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഇലെക്ട്രിക്കൽ, ഇലക്ട്രോണിക് ഗൃഹോപകരണ മേഖലയിലെ പ്രമുഖരായ വിഗാർഡ് ഇൻഡസ്ട്രീസ് 'വേർൾഡ്സ് മോസ്റ്റ് ട്രസ്റ്റഡ് കമ്പനീസ് 2024' പട്ടികയിൽ ഇടം നേടി. സ്റ്റാറ്റിസ്റ്റയുമായി സഹകരിച്ച് ന്യൂസ് വീക്കിന്റെ കമ്പനികളുടെ 2024ൽ പട്ടികയിലാണ് ഇടം പിടിച്ചത്.ഈ ആഗോള അംഗീകാരം വിഗാർഡിന്റെ യാത്രയിലെ ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു.

ലോകത്തിലെ ഏറ്റവും വിശ്വസനീയമായ കമ്പനികളുടെ പട്ടികയിൽ ഇടം നേടുക എന്നത് വിഗാർഡിന് വലിയ ബഹുമതിയാണ്. ഉയർന്ന നിലവാരമുള്ളതും മികച്ചതുമായ ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നത് മുതൽ സത്യസന്ധതയുടെയും സുതാര്യതയുടെയും ഉയർന്ന മാനദണ്ഡങ്ങൾ പാലിക്കുന്നത് വരെ എല്ലാ പ്രവർത്തനങ്ങളിലും മികവ് പുലർത്തുന്ന ഞങ്ങളുടെ പരിശ്രമത്തിന്റെ തെളിവാണ് ഈ അംഗീകാരം.

മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നത് തുടരാനും വർഷങ്ങളായി ജനങ്ങൾ അർപ്പിക്കുന്ന വിശ്വാസം ശക്തിപ്പെടുത്താനും ഈ ബഹുമതി ഞങ്ങൾക്ക് പ്രചോദനമാണെന്നും മിഥുൻ ചിറ്റിലപ്പിള്ളി പറഞ്ഞു.

# എൽഐസി മ്യൂച്ചൽഫണ്ട് മാനുഫാക്ചറിംഗ് ഫണ്ട് പുറത്തിറക്കി

**കൊച്ചി:** രാജ്യത്തെ ഏറ്റവും പഴക്കം ചെന്ന ഫണ്ട് ഹൗസുകളിലൊന്നായ എൽഐസി മ്യൂച്ചൽ ഫണ്ട് മാനുഫാക്ചറിംഗ് ഫണ്ട് എന്ന പേരിൽ പുതിയ മ്യൂച്ചൽ ഫണ്ട് പുറത്തിറക്കി. ഇന്നലെ (സെപ്റ്റംബർ 20) സബ്സ്ക്രിബ്ഷൻ ആരംഭിച്ച എൻഎഫ്ഒ ഒക്ടോബർ 4 വരെ ലഭ്യമായിരിക്കും. പദ്ധതിക്കു കീഴിലെ യൂണിറ്റുകൾ ഒക്ടോബർ 11 ന് അലോട്ട് ചെയ്യും. യോഗേഷ് പാട്ടീൽ, മഹേഷ് ബ്രൈന്ദ എന്നിവരാണ് ഫണ്ട് മാനേജർമാർ. പദ്ധതി നിഫ്റ്റി ഇന്ത്യ മാനുഫാക്ചറിംഗ് സൂചികയിൽ ഉൾപ്പെടുത്തും. മാനുഫക്ചറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന കമ്പനികളുടെ ഇക്വിറ്റികളിലും ഇക്വിറ്റികളുമായി ബന്ധപ്പെട്ട പദ്ധതികളിലും ദീർഘകാല നിക്ഷേപമാണ് പുതിയ ഫണ്ടിന്റെ ലക്ഷ്യം. എൻഎഫ്ഒയുടെ കുറഞ്ഞ തുക 5000 രൂപയോ അതിന്റെ ഗുണിതങ്ങളോ ആയിരിക്കും. മാനുഫാക്ചറിംഗ് പരിധിയിൽ വരുന്ന വാഹന, ഫാർമസ്യൂട്ടിക്കൽ, കെമിക്കൽ, ഹെവി എഞ്ചിനീയറിംഗ്, ലോഹങ്ങൾ, കപ്പൽ നിർമ്മാണം, പെട്രോളിയം ഉൾപ്പടെ വൈവിധ്യമാർന്ന മേഖലകളിലെ കമ്പനികൾ ഇതിഹെന്റ കീഴിൽ വരും. ഇന്ത്യയുടെ മികച്ച ജിഡിപി വളർച്ചയും അതിവേഗത്തിലുള്ള നഗരവൽക്കരണവും സർക്കാരിന്റെ പ്രോത്സാഹന പദ്ധതികളും നിർമ്മിത ഉൽപന്നങ്ങളുടെ ഡിമാന്റ് വർധിപ്പിക്കുകയും രാജ്യം ലോകത്തിന്റെ നിർമ്മാണ തലസ്ഥാനമായിമാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നതിനാൽ 2027 ഓടെ നാം മെയ്ക്കിംഗ് ഇൻ ഇന്ത്യയിലൂടെ 5 ട്രില്യൺ ഡോളറിന്റെ സമ്പദ് വ്യവസ്ഥയായി മാറുകയാണ്.

ഈ സാഹചര്യം പ്രയോജനപ്പടുത്താൻ നിക്ഷേപകരെ പ്രാപ്തരാക്കുകയാണ് ലക്ഷ്യമെന്ന് എൽഐസി മ്യൂച്ചൽ ഫണ്ട് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ആർ.കെ ഝായും ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ യോഗേഷ് പാട്ടീലും പറഞ്ഞു.

## ഓറിയന്റൽ ട്രൈമെക്സ് അവകാശ ഓഹരി വിൽപ്പന 27 വരെ

**കൊച്ചി:** ഗ്രാനൈറ്റ് ഉൽപ്പാദകരായ ഓറിയന്റൽ ട്രൈമെക്സ് അവകാശ ഓഹരി വിൽപ്പനയിലൂടെ (റൈറ്റ്സ് ഇഷ്യൂ) 48.51 കോടി രൂപ സമാഹരിക്കുന്നു. പ്രതി ഓഹരിക്ക് 11 രൂപ നിരക്കിൽ 4.41 കോടി ഇക്വിറ്റി ഓഹരികളാണ് വിറ്റഴിക്കുന്നത്. സെപ്തംബർ 27ന് റൈറ്റ് ഇഷ്യൂ ക്ലോസ് ചെയ്യും. സമാഹരിക്കുന്ന തുക കമ്പനിയുടെ വിപുലീകരണത്തിനും മൂലധന ആവശ്യങ്ങൾക്കുമായി വിനിയോഗിക്കും. 3:2 അനുപാതത്തിലാണ് അവകാശ ഓഹരി കണക്കാക്കുന്നത്. യോഗ്യരായ ഓഹരി ഉടമകളുടെ പക്കലുള്ള ഓരോ രണ്ട് ഓഹരിക്കും 10 രൂപ മുഖവിലയുള്ള മൂന്ന് അവകാശ ഓഹരികൾ എന്ന തോതിലാണിത്.

## ഗ്രീൻലാം കൊച്ചിയിൽ എക്സ്ക്ലൂസീവ് ഡിസ്പ്ലേ സെന്റർ തുറന്നു

**കൊച്ചി :** ഇന്റഗ്രേറ്റഡ് വുഡ് പാനൽ വ്യവസായത്തിലെ മുൻനിര കമ്പനിയായ ഗ്രീൻലാം ഇൻഡസ്ട്രീസ്, തങ്ങളുടെ എക്സ്ക്ലൂസീവ് ഡിസ്പ്ലേ സെന്ററായ ബോൾട്ട് & കീ ഷോറൂം കൊച്ചിയിൽ തുറന്നു. പനങ്ങാട് മാടവനയിൽ കുഫോസിന് എതിർവശത്താണ് സെന്റർ തുറന്നത്. മികാസ് ഡോർസ് & ഫ്രെയിംസ്, മികാസ റിയൽ വുഡ് ഫ്ളോർസ് എന്നിവയുടെ എക്സ്ക്ലൂ സീവ് ശ്രേണി ഈ ഡിസ്പ്ലേ സെന്ററിൽ പ്രദർശിപ്പിക്കും. നഗര ത്തിൽ ഇത്തരം ഉൽപ്പന്നങ്ങളുടെ വൈവിധ്യമാർന്ന ശേഖരം ലഭ്യമാകുന്ന ആദ്യ കേന്ദ്രമാണിത്

Liva®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
Liva KITCHENS & INTERIORS
TRUSTED since 2007 | 15 YEAR GUARANTEE | 100% GUARANTEED | ISO 9001 | LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+ 91 9288022663